➩ നൂറുകണക്കിന് നാട്ടുകാരുടെ മുന്നിൽവച്ച് ബലം പ്രയോഗിച്ച് എന്നെ ജീപ്പിൽ കയറ്റി ➩

**ഒന്നുകിൽ ഭരണകൂടത്തിന്റെ എല്ലാ അവകാശവാദങ്ങളെയും കണ്ണടച്ച് വിശ്വസിച്ച് വിനീതദാസരായി കഴിയുക, അല്ലെങ്കിൽ മാവോയിസ്റ്റാവുക; തിരഞ്ഞെടുക്കാൻ ഈ രണ്ട് സാധ്യതകൾ മാത്രമേ നമുക്കുള്ളൂ എന്നാണോ ഭരണകൂടം നമ്മളോട് പറയുന്നത്...?**

വിശദമായ സംഭാഷണം

**മാവോവാദി പ്രവർത്തനകനാണെന്ന സംശയത്താൽ കഴിഞ്ഞ മാസം തണ്ടർബോൾട്ട് സംഘം താങ്കളെ കസ്റ്റഡിയിലെടുക്കാനുണ്ടായ സാഹചര്യമെന്തായിരുന്നു?**

മെയ് 20നാണ് സംഭവം നടക്കുന്നത്. അന്ന് വൈകിട്ട് നാലരയോടെ പലചരക്ക് സാധനങ്ങൾ വാങ്ങുന്നതിനായി സുഹൃത്തുക്കളായ സച്ചുവും റസിയയും ഉപയോഗിക്കുന്ന ബൈക്കിൽ താമസസ്ഥലത്തുനിന്നും നാല് കിലോമീറ്റർ ദൂരെയുള്ള കോറോം കവലയിലേക്ക് ഞാൻ പോവുകയായിരുന്നു. ആ സമയം മഫ്ടിയിലുള്ള രണ്ട് പോലീസുകാർ രണ്ട് ബൈക്കുകളിലായി വന്ന് എന്നെ വഴിയിൽ തടഞ്ഞുനിറുത്തി, ഞാൻ അവരുടെ കസ്റ്റഡിയിലാണെന്നു പറഞ്ഞു. അതിനു കാരണം ഞാൻ ചോദിച്ചതിന് മറുപടിയൊന്നും പറയാതെ അവർ അവരുടെ ബൈക്കുകൾ എന്റെ ബൈക്കിന് മുന്നിലും പിന്നിലുമായി ഓടിച്ചു എന്നെ കോറോം കവ

# രാഷ്ട്രമെന്ന ചരിത്രപരമായ മണ്ടത്തരത്തെ മറികടക്കണം

മാവോവാദിയെന്ന് സംശയിച്ച് ഏകലോക സർവ്വകലാശാല എന്ന കൂട്ടായ്മയുടെ പ്രവർത്തകനും ജൈവകർഷകനുമായ ശ്യാം ബാലകൃഷ്ണനെ 2014 മെയ് 20ന് വയനാട്ടിൽ വച്ച് പ്രത്യേക സേനാവിഭാഗമായ തണ്ടർബോൾട്ട് പിടികൂടിയിരുന്നു. തുടർന്ന് വലിയ പോലീസ് സേനയുടെ മുൻകൈയിൽ വീട് അരിച്ചുപെറുക്കൽ, ലാപ്ടോപ്പും ഫോണും പിടിച്ചുകൊണ്ടുപോകൽ. വ്യവസ്ഥിതികൾ മനുഷ്യനിലും പ്രകൃതിയിലും സൃഷ്ടിക്കുന്ന അന്യവത്കരണത്തെ മറികടക്കുന്നതിനെക്കുറിച്ചുള്ള താത്വികാന്വേഷണങ്ങളിലും ജീവിതപ്രയോഗങ്ങളിലും മുഴുകുന്ന ശ്യാം ആ അനുഭവത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ സംസാരിക്കുന്നു.

**ശ്യാം ബാലകൃഷ്ണൻ**

തയ്യാറാക്കിയത്:
**എസ്. ശരത്, പി.എം. ജയൻ**

ലയിലേക്കു കൊണ്ടുവന്നു. ഞങ്ങൾ ആ കവലയിൽ എത്തിയതിനൊപ്പം മഫ്ടി പോലീസുകാർ വിവരമറിയിച്ചതനുസരിച്ച് അവിടെയെത്തിയ വെള്ളമുണ്ട എസ്.ഐയും സായുധരായ അഞ്ചാറ് തണ്ടർബോൾട്ട് സൈനീകരും ചേർന്നു കോറോം കവലയിൽ വൈകുന്നേരമുണ്ടായിരുന്ന നൂറുകണക്കിന് നാട്ടുകാരുടെ മുന്നിൽവച്ച് ബലം പ്രയോഗിച്ച് എന്നെ ജീപ്പിൽ കയറ്റി. എന്റെ കൈയ്യിൽ നിന്നും ബൈക്കിന്റെ താക്കോലും പിടിച്ചുവാങ്ങി. എന്നെ കസ്റ്റഡിയിൽ എടുക്കുന്നതെന്തിനാണെന്ന ആവർത്തിച്ചുള്ള ചോദ്യങ്ങളെ ഒട്ടും കൂസാതെയായിരുന്നു നടപടികൾ. പോലീസ് ജീപ്പ് യാത്ര തുടങ്ങിയപ്പോൾ വിവരം പറയാൻ സുഹൃത്തുക്കളെ ഫോൺ ചെയ്യാൻ തുനിഞ്ഞ എന്നെ എസ്.ഐ. നിർബന്ധപൂർവ്വം അതിൽനിന്നു തടഞ്ഞു. എന്നെ കോറോത്തുനിന്ന് ആറേഴു കിലോമീറ്റർ ദൂരെയുള്ള വെള്ളമുണ്ട പോലീസ് സ്റ്റേഷനിലേക്കാണ് കൊണ്ടുപോയത്. അവിടെ എത്തിയ ഉടൻ ഏകദേശം ഇരുപതോളം പോലീസുകാരുടേയും മറ്റും മുന്നിൽവച്ച് ഒരു കോൺസ്റ്റബിൾ എന്റെ തുണിയുരിഞ്ഞ് അടിവസ്ത്രധാരിയായി നിറുത്തി വിശദമായി പരിശോധിച്ചു. തുടർന്ന് ഈ സംഭവത്തിനു തൊട്ടുപിന്നാലെ സ്റ്റേഷനിലെത്തിയ മാനന്തവാടി ഡിവൈ.എസ്.പിയുടെ നേതൃത്വത്തിൽ ചോദ്യം ചെയ്യൽ തുടങ്ങി. ഏതാണ്ട് ഒരു മണിക്കൂറോളം എന്നെ ചോദ്യം ചെയ്തശേഷം ആ ഡിവൈ.എസ്.പിയുടെ നേതൃത്വത്തിൽ മൂന്നു വണ്ടികളിലായി

പോലീസ്, തണ്ടർബോൾട്ട് സംഘം ഞാൻ താമസിക്കുന്നിടത്തേക്ക് പുറപ്പെട്ടു. ആട്ടോമാറ്റിക്ക് തോക്കുകൾ ധരിച്ച ആറു 'തണ്ടർബോൾട്ട്' സൈനീകരോടൊപ്പം ഒരു ജീപ്പിനു പുറകിലായിരുന്നു ആ സമയം എനിക്കു യാത്ര ചെയ്യേണ്ടിയിരുന്നത്.

20-25 പേരടങ്ങുന്ന ഈ സംഘം വൈകുന്നേരം ആറരയോടെ വീട്ടിലെത്തി. ഉടൻ കുറേ തണ്ടർബോൾട്ട് സൈനീകർ വീടും പരിസരവും വളയുകയും ബാക്കിയുള്ളവർ വീടിനകത്തേക്ക് ഇരച്ചുക്കയറി പരിശോധന തുടങ്ങുകയും ചെയ്തു. എന്റെ സുഹൃത്തുക്കളെ നേരിട്ടു കാണാൻ വന്ന നിങ്ങൾ (പോലീസുകാർ) വീടു പരിശോധിക്കുന്നത് എന്തിനാണെന്നും നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാതെയുള്ള വീടു പരിശോധനയുടെ സാംഗത്യമെന്തെന്നുമുള്ള എന്റെ ചോദ്യങ്ങൾക്ക് യാതൊരു മറുപടിയും കിട്ടിയില്ല. ഈ പരിശോധന രാത്രി പന്ത്രണ്ടര വരെയാണ് നീണ്ടുനിന്നത്. ഈ സമയത്ത് പോലീസുകാരും സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരും നിരന്തരം ഞങ്ങളെ ചോദ്യം ചെയ്യുന്നതും തുടർന്നു. വീടിനു ചുറ്റും കൂടിനിന്ന നാട്ടുകാരുടെ മുന്നിൽ വെച്ചായിരുന്നു ഇത്തരം നടപടികളെല്ലാം. ഇതിനിടയിൽ കല്പ്പറ്റയിൽ നിന്നും, സൈബർ സെല്ലിലെ ഒരു പോലീസുകാരൻ എത്തിച്ചേർന്നു. എന്റേയും ജീവതപങ്കാളി ഗീതിപ്രിയയുടേയും ലാപ്ടോപ്പുകൾ അയാൾ പരിശോധിച്ചു തുടങ്ങി. ഇടയ്ക്ക് അയാൾ എന്റെ ഇമെയില് വിലാസം ആവശ്യപ്പെട്ടപ്പോൾ, അതെന്തിനാണെന്ന എന്റെ ചോദ്യത്തിന്, അദ്ദേഹത്തിനു താല്പ്പര്യമുള്ള കത്തുകൾ മാത്രമേ എന്റെ മെയിലിൽനിന്നും വായിക്കുകയുള്ളൂ എന്നാണ് മറുപടി പറഞ്ഞത്. സ്വകാര്യതയ്ക്കുള്ള അവകാശത്തെ (right to privacy) മുൻനിറുത്തി ഇമെയിൽ തരാൻ പറ്റില്ല എന്നു ഞാൻ പറഞ്ഞപ്പോൾ പേരുപോലെയാണ് ഇമെയിൽ അഡ്രസ് എന്നും പോലീസ് ആവശ്യപ്പെട്ടാൽ പറഞ്ഞേ മതിയാകൂവെന്നും ഡിവൈ.എസ്.പി എന്നോടു പറഞ്ഞു. പോലീസിന്റെ അന്യായമായ ആവശ്യങ്ങൾ അനുസരിക്കാതിരിക്കാനുള്ള പൗരന്റെ അവകാശത്തിന്റെ (right to disobey) അടിസ്ഥാനത്തിൽ ഞാൻ അതിനു വിസ്സമതിക്കുന്നുവെന്നു പറഞ്ഞപ്പോഴാണ് അവസാനം അവർ ഇമെയിൽ ആവശ്യത്തിൽ നിന്നും പിൻവാങ്ങിയത്. തുടർന്നു കുറച്ചു നേരം സൈബർ സെൽ ഉദ്യോഗസ്ഥന്റെ വിനോദം ലാപ്ടോപ്പുകളിലെ സ്വകാര്യമായ ഉള്ളടക്കങ്ങൾ ഞങ്ങളുടെ എതിർപ്പിനെ അവഗണിച്ച് മറ്റു ഉദ്യോഗസ്ഥരുമായി പങ്കുവെച്ച് രസിക്കലായിരുന്നു.

ഈ വിധം വീട്ടിലെ ചവറ്റുക്കൊട്ടയുൾപ്പടെ പരിശോധിച്ച പോലീസ് സംഘം അന്വേഷിച്ചതൊന്നും കിട്ടാത്തതിനെ തുടർന്ന് രാത്രി പന്ത്രണ്ടരയോടെ സ്ഥലം വിടുകയായിരുന്നു. എന്റേയും ഗീതിപ്രിയയുടേയും ലാപ്ടോപ്പുകളും എന്റെ മൊബൈൽ ഫോണും അവർ കൂടെ കൊണ്ടുപ്പോകുകയും ചെയ്തു.

> സ്വകാര്യതയ്ക്കുള്ള അവകാശത്തെ (right to privacy) മുൻനിറുത്തി ഇമെയിൽ തരാൻ പറ്റില്ലെന്ന് പറഞ്ഞപ്പോൾ പേരുപോലെയാണ് ഇമെയിൽ അഡ്രസ് എന്നും ആവശ്യപ്പെട്ടാൽ പറഞ്ഞേ മതിയാകൂവെന്നും ഡിവൈ.എസ്.പി പറഞ്ഞു. പോലീസിന്റെ അന്യായമായ ആവശ്യങ്ങൾ അനുസരിക്കാതിരിക്കാനുള്ള പൗരന്റെ അവകാശത്തിന്റെ (right to disobey) അടിസ്ഥാനത്തിൽ അതിനു വിസ്സമതിക്കുന്നുവെന്നു പറഞ്ഞപ്പോഴാണ് അവർ പിൻവാങ്ങിയത്.

**അന്നു രാത്രിയോടെ പോലീസ് ഇടപെടൽ അവസാനിച്ചോ?**

പോലീസിന് കാര്യങ്ങൾ ബോധ്യപ്പെട്ടുവെന്നും പ്രശ്നങ്ങൾ അവസാനിച്ചുവെന്നുമാണ് ഞങ്ങളും കരുതിയിരുന്നത്. എന്നാൽ ഞങ്ങളെ അസ്വസ്ഥരാക്കിക്കൊണ്ട് അടുത്ത ദിവസം (മെയ് 21, 2014) രാവിലെ പത്തുമണിയോടുകൂടി രണ്ടു സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പിമാരും ചില കോൺസ്റ്റബിൾമാരും മഫ്ടിയിൽ പ്രത്യക്ഷപ്പെട്ടു. അതിലൊരു കോൺസ്റ്റബിൾ അനുവാദമില്ലാതെ ഞങ്ങളുടെ ഫോട്ടോയെടുത്തതിനെ ചോദ്യം ചെയ്തതിന്, ഇത്തരം കാര്യങ്ങളിൽ അനാവശ്യ ശ്രദ്ധ കാണിക്കുന്നതിനാലാണ് നിങ്ങളെപ്പോലുള്ളവരെ സംശയിക്കേണ്ടി വരുന്നത് എന്നായിരുന്നു ഒരു ഡിവൈ.എസ്.പിയുടെ മറുപടി.

**ലാപ്ടോപ്പുകളും മൊബൈൽ ഫോണും തിരികെ കിട്ടിയോ?**

മെയ് 20, 2014നു അർദ്ധരാത്രിയോടുകൂടി കൊണ്ടുപോയ ലാപ്ടോപ്പുകളും മറ്റും രണ്ടുദിവസത്തിനു ശേഷം മെയ് 22നു രാത്രി ഏഴുമണിയോടുകൂടി മാത്രമാണ് തിരിച്ചുക്കിട്ടിയത്. വീട്ടിൽനിന്നും പോലീസ് എടുത്തുക്കൊണ്ടുപോയ ഈ സാമഗ്രികൾ എനിക്ക് രാത്രി പോലീസ് സ്റ്റേഷനിൽച്ചെന്നു തിരിച്ചെടുക്കേണ്ടി വന്നു. ഇതൊന്നും കൂടാതെ, വിഷയത്തിൽ തികച്ചും നിരപരാധികളെന്നു ബോധ്യപ്പെട്ട ശേ

ഷവും, ഞാൻ പോലീസിനെ കണ്ടപ്പോൾ ഓടി രക്ഷപ്പെടുവാൻ ശ്രമിച്ചെന്നും എന്നെ ഡിവൈ.എസ്.പിയുടെ നേതൃത്വത്തിലുള്ള സംഘം സാഹസികമായി പിടികൂടുകയായിരുന്നുവെന്നുമുള്ള തെറ്റായ വിവരം പ്രാദേശിക പത്രപ്രവർത്തകർക്ക് നൽകാനുള്ള തെമ്മാടിത്തരവും പോലീസുകാർ കാണിച്ചു.

**ലാപ്ടോപ്പ് വീട്ടിൽ വച്ചുതന്നെ വിശദമായി പരിശോധിച്ചതല്ലേ?**

അതെ. ലാപ്ടോപ് പരിശോധിച്ച പോലീസുകാരൻ ഒരു സെർച്ച് എഞ്ചിൻ പ്രവർത്തിക്കുന്നതുപോലെ ചില വാക്കുകൾ പ്രത്യേകം പിടിച്ചെടുക്കുന്നുണ്ടായിരുന്നു. എന്റെ ലാപ്ടോപ്പിൽ, മുതലാളിത്തം, കൃഷിയുടെ രാഷ്ട്രീയം തുടങ്ങിയ വാക്കുകൾ കാണാനുണ്ടെന്ന് അയാൾ ഉന്നത പോലീസ് ഉദ്യോഗസ്ഥരോടു ഫോണിൽ പറയുന്നത് കേൾക്കാമായിരുന്നു. പിന്നീട് അയാളോട് അന്വേഷിച്ചപ്പോൾ, 'മുതലാളിത്തം ഒരു പ്രേതകഥ' (capitalism a ghost story) എന്ന അരുന്ധതിറോയിയുടെ ലേഖനവും ഇവിടെയടുത്തുള്ള ഒരു സ്കൂൾ അധികൃതർ ആവശ്യപ്പെട്ടതനുസരിച്ച് പ്ലസ്ടു വിദ്യാർഥികൾക്ക് കൃഷിയുടെ കച്ചവടവൽകരണത്തെക്കുറിച്ചു ക്ലാസ്സ് എടുക്കുന്നതിനായി ഞാൻ തയാറാക്കിയ നോട്ടുകളുമാണ് അവരെ പ്രകോപിപ്പിച്ചതെന്ന് അറിയാൻ കഴിഞ്ഞു. ആ സമയം, ഒരു രാഷ്ട്രീയ ഗവേഷകനേയും മാവോയിസ്റ്റിനെയും എങ്ങനെയാണു നിങ്ങൾ വേർതിരിച്ചറിയുക എന്ന എന്റെ ചോദ്യത്തിന്, അതു മിക്കവാറും അസാധ്യമാണെന്നായിരുന്നു ഡിവൈ.എസ്.പിയുടെ മറുപടി.

**അത് വളരെ ഗൗരവമുള്ള പ്രശ്നമല്ലേ. ചിന്തിക്കാനുള്ള സ്വാതന്ത്ര്യം പോലും നഷ്ടമാകുന്ന അവസ്ഥ. തികച്ചും ജനാധിപത്യപരമായ, സർഗ്ഗാത്മകമായ വിയോജിപ്പുകളെപ്പോലും ദേശവിരുദ്ധ ഗൂഢാലോചനകളായി കെട്ടിച്ചമച്ച്, കരിനിയമ വകുപ്പുകളുടെ കള്ളിയിലൊതുക്കി തടവറയിലാക്കുന്ന സാഹചര്യം ഇന്ന് വളരെ പ്രബലമാണ്. നിങ്ങൾക്കെതിരെയുണ്ടായ നടപടികളും അതിന്റെ സൂചനയാണ്. വ്യാജത്തെളിവുണ്ടാക്കുന്നതിൽ പോലീസ് വിജയിച്ചിരുന്നെങ്കിൽ ഒരുപക്ഷെ നിങ്ങളും ജയിലിലാകുമായിരുന്നു. ഒന്നുകിൽ ഭരണകൂടത്തിന്റെ എല്ലാ അവകാശവാദങ്ങളെയും കണ്ണടച്ച് വിശ്വസിച്ച് വിനീതദാസരായി കഴിയുക, അല്ലെങ്കിൽ മാവോയിസ്റ്റാവുക; തിരഞ്ഞെടുക്കാൻ ഈ രണ്ടു സാധ്യതകൾ മാത്രമേ നമുക്കുള്ളൂ എന്നാണോ ഭരണകൂടം പറയുന്നത്?**

നിലവിലെ സാഹചര്യം അങ്ങനെയാണ്. ഈ പറഞ്ഞ രണ്ടു സാധ്യതകൾക്കിടയിൽ മറ്റിടങ്ങളൊന്നും ഇല്ലാത്ത അവസ്ഥ. ഇവയ്ക്കിടയിലായി വൈവിധ്യമാർന്ന ജനാധിപത്യ ഇടങ്ങൾ ധീരമായി വികസിപ്പിക്കുക എന്നതു തന്നെയാണ് ഇത്തരം അസംബന്ധങ്ങൾക്കുള്ള മറുപടി.

വാസ്തവത്തിൽ, ഈ പ്രശ്നത്തെ രണ്ട് വശങ്ങളിൽ നിന്നും സമീപിക്കാം. ആദ്യത്തെ വശത്ത് നിന്ന്, ഇതെല്ലാം ലോകമൊട്ടാകെ മുതലാളിത്ത-സൈനീക ഭരണത്തിലേക്കു (militant capitalism) അതിദ്രുതം നീങ്ങിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായ സംഭവങ്ങളാണ്. ആ സാഹചര്യത്തിൽ മുഖ്യധാരാ രാഷ്ട്രീയ പ്രവർത്തകർ സ്വകാര്യമൂലധനത്തിന്റെ കാര്യസ്ഥന്മാരും പോലീസുകാർ അതിന്റെ ഗുണ്ടകളും ജനങ്ങൾ അടിയാളന്മാരും ആകുക എന്നത് അനിവാര്യമാണ്.

ഇതുതന്നെ മറ്റൊരു വശത്ത് നിന്നുപറഞ്ഞാൽ, റൂസ്സോ തന്റെ 'സോഷ്യൽ കോൺട്രാക്റ്റ്' എന്ന കൃതിയിൽ ചോദിക്കുന്നു: എപ്പോഴാണ് ഒരു രാഷ്ട്രം അതിന്റെ പൗരന്മാരെ അടിച്ചമർത്തുന്നത്? അദ്ദേഹം തന്നെ മറുപടി പറയുന്നു: എപ്പോഴാണോ ഒരു രാഷ്ട്രത്തിലെ പൗരന്മാർ തൻകാര്യം നോക്കികളായി അധഃപതിക്കുന്നത് അപ്പോഴാണ് ആ രാഷ്ട്രം ഭീകരരൂപം ആർജ്ജിക്കുന്നത്.

ഈ രണ്ട് സമീപനങ്ങളെയും സമന്വയിക്കാനാകുമ്പോഴാണ് നമുക്ക് സ്വതന്ത്ര്യം സാധ്യമാകുക.

**രണ്ടാമത് പറഞ്ഞ വീക്ഷണത്തെക്കുറിച്ച് കൂടുതൽ ചോദിക്കട്ടെ. കാരണം, പൊതുവിൽ സംവാദം നടക്കാത്ത മേഖലയാണിത്. ഭരണകൂടത്തെ വ്യക്തിയിൽ നിന്നും വേറിട്ട് കാണാനാവില്ല എന്നാണോ?**

വ്യക്തിയിൽ നിന്നും വേറിട്ട ഒരു സത്തയായി ഭരണകൂടത്തെ മനസ്സിലാക്കുമ്പോൾ ഗുരുതരമായ പല പിഴവുകൾക്കും സാധ്യതയുണ്ട്. മലയാളികളുടെ ചിന്താരീതിയെ സ്വാധീനിച്ചിരിക്കുന്ന ഇടതുപക്ഷ ഓറിയന്റേഷന്റെ ഭാഗമായാണ് നമ്മൾ ഭരണകൂടത്തെ പലപ്പോഴും നമുക്ക് പുറത്തുള്ള എന്തോ ഒന്നായി കാണുന്നത്. എന്നാൽ യാഥാർത്ഥ്യം അതല്ല. കേരളത്തിൽ നടക്കുന്ന ദൈനംദിന രാഷ്ട്രീയ പ്രവർത്തനം ശ്രദ്ധിച്ചാൽ കാണാം; മറ്റൊരാളോടുള്ള വെല്ലുവിളിയും വെറുപ്പുമാണ് രാഷ്ട്രീയ മുദ്രാവാക്യങ്ങളിൽ ഏറെ നിഴലിക്കുന്നത്. സ്വന്തം ചുറ്റുപാടുകളിൽ പലപ്പോഴും ഒട്ടും ജനാധിപത്യപരമായി പെരുമാറാത്ത നമുക്ക് പോലീസ് നീതി കാണിക്കണം എന്ന് പറയാൻ എന്താണ് അവകാശം? നിലനിൽക്കുന്ന രാഷ്ട്രീ



യ സംസ്കാരത്തിന്റെ പ്രതിഫലനം പോലീസിലുമുണ്ടാകും. ഓരോ വ്യക്തിയും തന്റെ ജനാധിപത്യ ബോധത്തിന്റെ നിരന്തരമായ വികാസത്തിലും ആ നിലയ്ക്കുള്ള പഠനത്തിലും മനസ്സിരുത്തേണ്ടതുണ്ട്. അങ്ങനെയേ നിലനിൽപ്പുള്ള പരിഹാരങ്ങളുണ്ടാകൂ. ആദ്യകാല കോൺഗ്രസ് നേതാവ് ടി.കെ. മാധവനോട്, പരസ്പരം ജാതീയമായ അടിച്ചമർത്തൽ നടത്തുന്ന നമുക്ക് എങ്ങനെയാണ് ബ്രിട്ടീഷുകാരോട് സ്വാതന്ത്ര്യം ആവശ്യപ്പെടാൻ കഴിയുന്നതെന്ന് നാരായണഗുരു ചോദിക്കുന്നുണ്ട്. മാധവൻ ഈ ചോദ്യം കോൺഗ്രസ് മീറ്റിംഗിൽ ഉന്നയിച്ചതിനെ തുടർന്നാണ് ഗാന്ധിജി കേരളത്തിലെത്തി നാരായണഗുരുവിനെ കാണുന്നത്.

വയനാട്ടിൽ നിന്നും വിഷം തളിച്ച വാഴക്കുല കോഴിക്കോട്ടേക്ക് അയയ്ക്കുന്നവർക്കും കോഴിക്കോട് നിന്നും അമോണിയം കലർത്തിയ മത്സ്യം വയനാട്ടിലേക്ക് കയറ്റി അയയ്ക്കുന്നവർക്കും ഭരണകൂടം എൻഡോസൾഫാൻ പ്രയോഗം നടത്തരുത് എന്നുപറയാൻ എന്താണധികാരം? നമ്മളോരോരുത്തരും ജനാധിപത്യ വിരുദ്ധരാകുന്നതുകൊണ്ടാണ് ജനാധിപത്യം സംരക്ഷിക്കാൻ നമുക്ക് ഇത്രയധികം സ്ഥാപനങ്ങൾ വേണ്ടിവരുന്നത്. എന്നിട്ട് സ്ഥാപനങ്ങൾ ജനാധിപത്യം സംരക്ഷിക്കുന്നില്ല എന്ന് പരാതിപ്പെടുകയാണ് നമ്മൾ ചെയ്യുന്നത്. സ്വന്തം കണ്ണിലെ തടിയെടുക്കാൻ നാം എപ്പോൾ തയ്യാറാകുന്നുവോ അപ്പോഴാണ് ഭരണകൂടങ്ങളുടെ കൊഴിഞ്ഞുപോക്ക് ആരംഭിക്കുക.

**വ്യക്തിയെ വിട്ടുകളഞ്ഞിട്ട് സമൂഹത്തിലുള്ള ഈ ഊന്നൽ ഉണ്ടാകുന്നത് എന്തുകൊണ്ടാണ്?**

വ്യക്തിയെന്ന വാക്കിന് പകരം മനുഷ്യൻ എന്ന വാക്കാണ് കൂടുതൽ ഉചിതമെന്ന് തോന്നുന്നു.

മനുഷ്യരാശിയുടെ ചരിത്രത്തിലുടനീളം തത്വശാസ്ത്രത്തെയും രാഷ്ട്രീയത്തെയും കൂട്ടിക്കുഴയ്ക്കുന്ന ആശയക്കുഴപ്പം നമുക്ക് കാണാനാകും. ആധുനീകതയിൽ ഈ പ്രശ്നം അതീവ രൂക്ഷമാണ്. താൻ എന്തിനായി ജീവിക്കുന്നു, എന്താണ് തന്റെ ജീവിതത്തിന്റെ ഉദ്ദേശം, എന്ന മനുഷ്യന്റെ എക്കാലത്തെയും അന്വേഷണവും കണ്ടെത്തലുമാണ് തത്വശാസ്ത്രത്തിന് ആധാരം. ഈ ചോദ്യത്തിനുള്ള മറുപടി നമ്മൾ ഓരോരുത്തരിലും ബോധപൂർവ്വമോ അബോധപൂർവ്വമോ ആയി നിലനിൽക്കുന്നുണ്ട്. ആ മറുപടിക്ക്, ധാരണയ്ക്ക് അനുസരിച്ചാണ് ഒരുവന്റെ/ഒരുവളുടെ മൂല്യപരിഗണനകൾ, ജീവിതത്തിലെ മുൻഗണനകൾ, നന്മ-തിന്മകൾ, ഉപജീവനമാർഗ്ഗം ഇതെല്ലാം രൂപപ്പെടുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായി രാഷ്ട്രീയം ഉൾക്കൊള്ളുന്നത് രണ്ട് മനുഷ്യർക്കിടയിലെ വ്യവഹാരങ്ങളെയാണ്.

താൻ എന്തിനായി ജീവിക്കുന്നു എന്ന ഒരു മനുഷ്യന്റെ ധാരണയാണ് അയാളും അപരനുമായുള്ള ബന്ധത്തെ നിർണ്ണയിക്കുന്നത്. അഥവാ വ്യക്തിയുടെ ജീവിതദർശനത്തിന്റെ ഒരു തലം മാത്രമാണ് അയാളുടെ രാഷ്ട്രീയം. ദർശനം എത്ര സമഗ്രമാകുന്നുവോ അത്രയും അയാളുടെ രാഷ്ട്രീയവും ആഴപ്പെടുന്നു.

രാഷ്ട്രീയത്തെ മാത്രം മുറുകെ പിടിക്കുകയും സമഗ്രമായ ജീവിതദർശനത്തിന്റെ ആവശ്യകത വിട്ടുകളയുകയും ചെയ്യുമ്പോഴുള്ള കെടുതിക്ക് നല്ലൊരു ഉദാഹരണമാണ് ഇന്നത്തെ വികസന തീവ്രവാദം. ആ വികസന സങ്കൽപ്പം നമ്മെ അഭിമുഖീകരിക്കാൻ നിർബന്ധിതമാക്കുന്നത് നാം എന്തിനായി ജീവിക്കുന്നു എന്ന അടിസ്ഥാന സമസ്യയെത്തന്നെയാണ്.

**ഈ വികസന ഭ്രാന്തിനോട് ക്രിയാത്മമായി**

**പ്രതികരിക്കുന്ന ധാരാളം ബദൽ അന്വേഷണങ്ങൾ ലോകമെമ്പാടും നടക്കുന്നുണ്ടല്ലോ?**

അതുണ്ട്. പക്ഷെ അവയിൽ മിക്കതും സുസ്ഥിരതയെന്ന ആശയത്തെ വളരെ പരിമിതമായാണ് സമീപിക്കുന്നത്. കൃത്യമായ രാഷ്ട്രീയ ബോധ്യത്തോടു കൂടി ജൈവകൃഷി ചെയ്ത് ജീവിക്കുന്ന ഒരു സുഹൃത്ത് ഒരിക്കൽ എന്നോട് പറഞ്ഞത്, ഇതെല്ലാം ചെയ്യുമ്പോഴും ഉള്ളിൽ ആയാൾക്ക് വേണ്ടത്ര സന്തോഷമില്ലെന്നാണ്. അമേരിക്കയിലെ പല ബദൽ കമ്മ്യൂണുകൾ സന്ദർശിച്ച ഒരു കൂട്ടുകാരി പറഞ്ഞ കാര്യവും ശ്രദ്ധേയമാണ്. അവിടുത്തെ ചില കൂട്ടായ്മകൾ നൂറ് ശതമാനവും സ്വയംപര്യാപ്തമായാണ് ജീവിക്കുന്നത്. വസ്ത്രങ്ങളുൾപ്പെടെ സകലതും അവർ സ്വന്തമായുണ്ടാക്കുന്നു. പക്ഷെ അവർ സന്തുഷ്ടരാണോ എന്ന് ചോദിച്ചപ്പോൾ കിട്ടിയ മറുപടി, അല്ല എന്നാണ്. പലവിധ ചേരിപ്പോരുകളും അവർക്കിടയിലുണ്ട്.

> 1700കളുടെ മധ്യത്തോടു കൂടിയാണ് യൂറോപ്പിൽ വ്യാവസായിക ഉൽപാദനവ്യവസ്ഥ (industrial production system) ആരംഭിക്കുന്നത്. ഇതുമൂലമുണ്ടായ വമ്പിച്ച മൂലധന–വിഭവാവശ്യങ്ങളേയും നഗരവൽക്കരണത്തേയും കോളനിവൽക്കരണത്തേയും മറ്റുംഉൾക്കൊണ്ട് വികസിച്ച ഒരു സമീപകാല രാഷ്ട്രീയ സംവിധാനമാണ് ദേശരാഷ്ട്രം.

മനുഷ്യന് സന്തോഷവും സ്വയംപര്യാപ്തതയും പ്രാഥമികമായുണ്ടാകുന്നത് പ്രകൃതിയുമായുള്ള യോഗത്തിൽ നിന്നാണ്. ഇവിടെ പ്രകൃതി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പരിസ്ഥിതി ശാസ്ത്രത്തിലെ പ്രകൃതിയെയല്ല. മൂല്യങ്ങളുടെയെല്ലാം ഉറവിടമായ, അകവും പുറവുമൊന്നുമില്ലാത്ത നമ്മുടെ തന്നെ അന്തഃസത്തയെക്കുറിച്ചാണ് പറയുന്നത്. ഈ യോഗമെങ്ങനെ സാധ്യമാക്കാം എന്താണതിന്റെ ജ്ഞാനമീമാംസ (epistemology), രീതിശാസ്ത്രം ഇതൊക്കെയാണ് തത്വശാസ്ത്രത്തിന്റെ പഠന വിഷയം. അതുകൊണ്ടാണ് തത്വശാസ്ത്രം മറ്റെല്ലാ വിഷയങ്ങൾക്കും ആധാരമായി പറയുന്നത്. ഇന്നും ഏതൊരു വിഷയത്തിലുമുള്ള ഗവേഷണ ബിരുദവും, അത് രസതന്ത്രത്തിലാകട്ടെ, ചരിത്രത്തിലാകട്ടെ, രാഷ്ട്രീയത്തിലാകട്ടെ ഡോക്ട്രേറ്റ് ഇൻ ഫിലോസഫി (Ph. D) എന്നറിയപ്പെടുവാൻ കാരണമിതാണ്.

മനുഷ്യനെ വിട്ടുകളഞ്ഞ് സമൂഹത്തിന് പ്രാധാന്യം കൊടുക്കുന്നതുകൊണ്ടാണ് വ്യക്തി എങ്ങനെ ജീവിക്കണമെന്ന് സമൂഹത്തിന് അറിയാം എന്ന സോവിയറ്റ് യൂണിയൻ മട്ടിലുള്ള അധികാരപ്രയോഗങ്ങളുണ്ടാകുന്നത്.

**സോവിയറ്റ് ഭരണകൂടത്തെക്കുറിച്ച് പറഞ്ഞുവല്ലോ. തുടക്കത്തിൽ പരാമർശിച്ച മുതലാളിത്ത–സൈനീക ഭരണകൂടത്തെക്കുറിച്ച് കൂടുതൽ വിശദീകരക്കാമോ?**

ഇതു വിശദീകരിക്കുവാൻ മനുഷ്യരാശി ഇതുവരെ രൂപപ്പെടുത്തിയ സംഭരണ–ഉല്പാദന വ്യവസ്ഥകളേയും, നിലവിലെ സ്വകാര്യമൂലധന വ്യവസ്ഥയും ആധുനിക ദേശരാഷ്ട്രവും (nation state) തമ്മിലുള്ള പൊക്കിൾക്കൊടി ബന്ധത്തേയും അടുത്തറിയേണ്ടതുണ്ട്.

മനുഷ്യരാശി അതിന്റെ ജീവിതകാലയളവിൾ ഏറ്റവും കൂടുതൽ കാലം അനുശീലിച്ചിട്ടുള്ള ഭൗതീക ജീവിതവ്യവസ്ഥ ഭക്ഷണശേഖരണത്തിന്റെതാണ് (food gathering). തുടർന്ന്, കാലാവസ്ഥാ വ്യതിയാനങ്ങളോടും മറ്റും പ്രതികരിച്ചുക്കൊണ്ടാണ് കന്നുകാലി വളർത്തലും (pastrolism) ഇന്നേയ്ക്ക് ഏതാണ്ടു പതിനായിരം വർഷം മുമ്പു സ്ഥിരമായി ഒരിടത്തു താമസിക്കുന്ന കാർഷികവ്യവസ്ഥയും (settled agriculture) രൂപപ്പെടുന്നത്. ഇതിൽ ആദ്യത്തെ രണ്ടു വ്യവസ്ഥകൾ നാടോടി (nomadic) സ്വഭാവമുള്ളതാണ്. ഇതിനൊക്കെ ശേഷം വളരെ അടുത്ത കാലത്ത് ഏതാണ്ടു 1700കളുടെ മധ്യത്തോടു കൂടിയാണ് യൂറോപ്പിൽ വ്യാവസായിക ഉൽപാദനവ്യവസ്ഥ (industrial production system) ആരംഭിക്കുന്നത്. ഇതുമൂലമുണ്ടായ വമ്പിച്ച മൂലധന–വിഭവാവശ്യങ്ങളേയും നഗരവൽക്കരണത്തേയും കോളനിവൽക്കരണത്തേയും മറ്റും ഉൾക്കൊണ്ട് വികസിച്ച ഒരു സമീപകാല രാഷ്ട്രീയ സംവിധാനമാണ് ദേശരാഷ്ട്രം. കോളനിവൽക്കരണത്തിന്റെ ഭാഗമായി യൂറോപ്പിൽ നിന്നും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് പിന്നീടത് കയറ്റുമതി ചെയ്യപ്പെട്ടു. 1884നു മുൻപുള്ള പ്രധാന നിഘണ്ടുക്കളിലൊന്നും തന്നെ ദേശം (nation) എന്ന വാക്കിനു നാം ഇന്നു മനസ്സിലാക്കുന്ന അർത്ഥമേയല്ല ഉണ്ടായിരുന്നതെന്ന് വിഖ്യാത ചരിത്രകാരനായ ഹോബ്സ്ബാം (E.J. Hobsbawm) നിരീക്ഷിച്ചിട്ടുണ്ട്.

ഇപ്പറഞ്ഞ രാഷ്ട്രവ്യവസ്ഥയുടെ നിർണ്ണായകമായ സവിശേഷത, വ്യാവസായികോൽപാദനത്തെ ആശ്രയിച്ചാണ് അത് മിക്കവാറും നിലനിൽക്കുന്നത് എന്നതാണ്; ഈ ആശ്രിതത്വം

അനുനിമിഷം വർദ്ധിക്കുകയും ചെയ്യുന്നു. ഉ
ദാഹരണത്തിന്, ഇന്ത്യയിലെ മൊത്തം ആഭ്യ
ന്തര ഉല്പാദനത്തിന്റെ 17% മാത്രമാണു കാ
ർഷികമേഖലയിൽ നിന്നുള്ള സംഭാവന. ഈ
പങ്കാളിത്തം പോലും അങ്ങേയറ്റം കേന്ദ്രീകൃത
മായ, ഹരിതവിപ്ലവാനന്തര, കമ്പോളോന്മുഖ
കടുംകൃഷിയിൽ നിന്നും തുടർന്നുള്ള ഊഹക
ച്ചവടത്തിൽ നിന്നും ഉണ്ടാകുന്നതാണ്; അല്ലാ
തെ സ്വാഭാവിക പ്രാദേശിക കൃഷിയിൽ നി
ന്നുള്ളതല്ല. ഈ തുകകൊണ്ടു ഇന്ത്യൻ സർ
ക്കാരിന് അതിന്റെ പെരുത്ത ദൈനംദിന ചെ
ലവുകളെയോ ഉദ്യോഗസ്ഥവൃന്ദത്തേയോ
സൈന്യത്തെയോ ഒന്നും തന്നെ നിലനിറു
ത്താനാകില്ല. എന്തിനധികം, ഇവിടുത്തെ ഭര
ണകൂടം ഇതുവരെയെടുത്തിട്ടുള്ള കടത്തിന്റെ
പലിശയടക്കാൻപോലും കൃഷിയിൽ നിന്നുള്ള
മിച്ചമൂല്യം തികയണമെന്നില്ല. ആദിവാസിക
ളും നാടോടികളും ഉണ്ടാക്കുന്ന മിച്ചമൂല്യമാക
ട്ടെ രാഷ്ട്രസംവിധാനത്തിന് മൂക്കിൽ വലിക്കാ
ൻപോലും കാണില്ല. വികസിതമെന്നു പറയ
പ്പെടുന്ന രാജ്യങ്ങളെ സംബന്ധിച്ചാണെങ്കിൽ
നമ്മൾ ഇപ്പറഞ്ഞതു കൂടുതൽ ശരിയാണ്. ഉദാ
ഹരണത്തിന്, അമേരിക്കയുടെ അഭ്യന്തര ഉല്
പാദനത്തിന്റെ വെറും 1% മാത്രമാണു കാർഷി
കമേഖലയുടെ സംഭാവന. ജർമ്മനിയിൽ അ
തു 0.8%വും ഫ്രാൻസിൽ അതു 2%വും ആ
ണ്. പറഞ്ഞുവന്നത്, ദേശരാഷ്ട്രം എന്ന വ്യ
വസ്ഥ മുതലാളിത്ത വ്യവസ്ഥിതിയെ ആശ്ര
യിച്ചാണ് നിലനില്ക്കുന്നത് എന്നാണ്. ഇതി
നു ഭൂട്ടാൻ പോലുള്ള ചില അപവാദങ്ങളൊ
ക്കെ കണ്ടേക്കും; പക്ഷെ, അവ അപവാദ
ങ്ങൾ മാത്രമാണ്.

ഏതൊരു ശരീരത്തിനും സ്ഥാപനത്തി
നും ഏതുവിധേനയും സ്വയം നിലനിറുത്തു
വാനുള്ള വാസന (instinct) ഉണ്ടായിരിക്കും.
ഈ വാസനയെപ്രതി, നിരന്തരം വളരുക കേ
ന്ദ്രീകരിക്കുക എന്ന മുതലാളിത്ത ആവശ്യ
ത്തോട് വിവിധ സർക്കാരുകൾ താദാത്മ്യപ്പെ
ടുന്നതോടെയാണ് രാഷ്ട്രീയക്കാർ സ്വകാര്യ
മൂലധനത്തിന്റെ കാര്യസ്ഥന്മാരും സേനകൾ
ഗുണ്ടാപ്പടയുമായി മാറുന്നത്. ഇവർ മനുഷ്യ
രാശിയെ നിരന്തരം കമ്പോള വ്യവസ്ഥിതിയി
ലേക്കു പരിവർത്തനം ചെയ്യുന്നു; പ്രചാരണ
ങ്ങളിലൂടെയും ബലപ്രയോഗത്തിലൂടെയും.
ഈ പ്രക്രിയ ഒരു ഘട്ടം കഴിയുമ്പോൾ സ
ർക്കാരും സൈന്യവുമായുള്ള അതിർവരമ്പു
കൾ അവസാനിക്കും. അടുത്തിടെ അമേരിക്ക
യിലെ എഡ്വാർഡ് സ്നോഡെൻ വെളിപ്പെടു
ത്തിയ കാര്യങ്ങൾ ഈ ദിശയിലേക്കുത്തന്നെ
യാണ് വിരൽ ചൂണ്ടുന്നത്. കേരളത്തിലെ
ക്യാമ്പസുകളിലടക്കം വ്യാപകമാകുന്ന സി
സിടിവികളും മറ്റും ഇതേ ആഗോളപ്രക്രിയയു
ടെ ചില ലക്ഷണങ്ങളാണ്. ആധുനികരാഷ്ട്ര
ത്തിന്റെ ഈ ഘടനാപരമായ അനിവാര്യതകൂ
ടി വെച്ചിട്ടുവേണം കൂടംകുളം ആണവ പദ്ധ
തിക്കെതിരെ സമരം ചെയ്യുന്നതും മറ്റും രാജ്യ
ദ്രോഹമാകുന്ന സാഹചര്യത്തെ മനസ്സിലാക്കാ
ൻ.

**രാഷ്ട്രം മുതലാളിത്തത്തെ ആശ്രയിക്കു
ന്നതുപോലെ, മുതലാളിത്തം രാഷ്ട്രത്തേയും
ആശ്രയിച്ചല്ലേ നിലനിൽക്കുന്നത്?**

തീർച്ചയായും. നമുക്കിടയിൽ പ്രചരിപ്പിക്കപ്പെ
ടുന്ന ധാരണ, നിലവിലെ കമ്പോള വ്യവസ്ഥ
യ്ക്ക് കുറേ കുഴപ്പങ്ങളുണ്ടെങ്കിലും അതിലു
പരിയായ അതിന്റെ ഗുണഗണങ്ങൾ മൂലം
പൊതുവിൽ മനുഷ്യരാശി അതിനെ അംഗീക
രിച്ചിട്ടുള്ളതുകൊണ്ടാണ് ലോകമൊട്ടാകെ
അത് നിലനിൽക്കുന്നതെന്നാണ്. വാസ്തവ
ത്തിൽ, ഭരണകൂടങ്ങളുടെ കാര്യസ്ഥപ്പണിയി
ല്ലായിരുന്നെങ്കിൽ മുതലാളിത്തം ഒരൊറ്റയിട
ത്തുപോലും പച്ച തൊടുമായിരുന്നില്ല. ഹരിത
വിപ്ലവത്തിന്റെ കാര്യം തന്നെയെടുക്കുക. മാ
ധ്യമങ്ങളിലൂടെയും വിലക്കെടുത്ത ബുദ്ധിജീ
വികളിലൂടെയും കൃഷി വിദഗ്ദ്ധരിലൂടെയും
കാർഷിക സർവ്വകലാശാലകളിലൂടെയുമെല്ലാ



മുള്ള പ്രചാരണങ്ങളും, ബാങ്ക് ലോണുകളും സബ്സിഡികളും പോലുള്ള ഭൗതീക പിന്തുണയും കൊണ്ടല്ലാതെ കർഷകർ തങ്ങളുടെ കൃഷിയിടത്തിൽ രാസവളകൃഷിയുടെ വരുംവരായ്കകൾ നേരിട്ടു വിശകലനം ചെയ്തിരുന്നതെങ്കിൽ ഇന്ത്യയെ ശവപറമ്പാക്കിയ ഹരിതവിപ്ലവം ഒരിക്കലും സംഭവിക്കുമായിരുന്നില്ല. സമാനമായി, അമേരിക്കയിൽ കുറച്ചുനാൾ മുമ്പ് കുത്തക ബാങ്കുകളുടെ ചൂതുകളിമൂത്ത് സകലതും പൊളിയാൻ തുടങ്ങിയപ്പോൾ പൊതുമൂലധനം ഉപയോഗിച്ച് അതിനു തടയിട്ടത് അവിടത്തെ സർക്കാരാണ്. ആ സമയത്ത് ഇന്ത്യയിലടക്കം ഏതാണ്ടെല്ലാ രാജ്യങ്ങളിലും സമാനമായ സർക്കാർ ഇടപെടലുകൾ നടന്നിരുന്നു.

വാസ്തവത്തിൽ മുതലാളിത്തം രാഷ്ട്രത്തെ ആശ്രയിച്ചല്ല, രാഷ്ട്രം കയ്യാളുന്ന പൊതുമൂലധനത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്.

**ഈ പ്രശ്നങ്ങളെല്ലാം നിലനിൽക്കുന്നുണ്ടെങ്കിലും ആധുനികരാഷ്ട്രങ്ങൾ മിക്കതും ജനാധിപത്യത്തെ ഒരു ഭരണവ്യവസ്ഥയായി അംഗീകരിക്കുകയും പ്രായോഗികമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ മുതലാളിത്ത വ്യവസ്ഥയോടുള്ള ആശ്രയത്വത്താൽ രാഷ്ട്രങ്ങൾ ജനാധിപത്യ മൂല്യങ്ങളുടെ ധ്വംസകരായി മാറുകയല്ലേ ചെയ്യുന്നത് ?**

അതെ, മുതലാളിത്തവും ജനാധിപത്യം ഒരുപോലെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ല. രണ്ടും തമ്മിൽ അപരിഹാര്യമായ വൈരുധ്യങ്ങളാണുള്ളത്. തന്നെപ്പോലെ അപരനേയും പരിഗണിക്കലാണ് ജനാധിപത്യമെങ്കിൽ മുതലാളിത്തത്തിൽ  അപരൻ എന്നൊന്നില്ല, താൻ (സ്വകാര്യവ്യക്തി) മാത്രമേയുള്ളൂ. സഹകരണമാണ് ജനാധിപത്യമെങ്കിൽ മുതലാളിത്തം മത്സരാധിഷ്ടിതമാണ്. ഒന്നുകിൽ ഇരട്ട നേട്ടം അല്ലെങ്കിൽ ഇരട്ട നഷ്ടം എന്നതാണ് മനുഷ്യർക്കിടയിലെ എല്ലാ വ്യവഹാരങ്ങളെയും സംബന്ധിച്ച വാസ്തവം. എന്നാൽ, സ്വകാര്യവീക്ഷണം അഥവാ മുതലാളിത്തം ഒരേ സന്ദർഭത്തിലുള്ള രണ്ടുപേരിൽ ഒരുവനു നേട്ടവും അപരനു നഷ്ടവും സാധ്യമാണെന്നു കരുതുന്നു. അങ്ങനെ, നിരന്തരം അന്യതാബോധത്തെ വളർത്തി, സവിശേഷ സ്വത്വങ്ങളിൽ ഊന്നി, മനുഷ്യരെ വിഭജിച്ചു ഭരിക്കുന്നു.

ഇതിൽനിന്നും വ്യത്യസ്തമായി നമ്മൾ ആദ്യം സൂചിപ്പിച്ച മൂന്നുതരം സംഭരണ-ഉൽപാദന വ്യവസ്ഥകളും, പ്രകൃതിയും മറ്റു മനുഷ്യരുമായുള്ള സഹവർത്തിത്വത്തിലൂടെയാണ് നിലനില്ക്കുന്നത്. അപരനുമായി/അയൽക്കാരനുമായുള്ള, പാരസ്പര്യത്തിലൂടെ മാത്രമേ അത്തരം വ്യവസ്ഥിതികളിൽ ഒരു മനുഷ്യന് നിലനില്ക്കാനാവുകയുള്ളൂ. സമാനമായി, പ്രകൃതിയോടുള്ള തന്റെ ആശ്രിതത്വവും പ്രകൃതിയുടെ നിലനിൽപ്പും തന്റെ നിലനിൽപ്പും തമ്മിലുള്ള ബന്ധവും ഇത്തരം വ്യവസ്ഥിതികളിൽ മനുഷ്യർക്കു സുവ്യക്തമാണ്. എന്നാൽ മുതലാളിത്തത്തിന്റെ മൂലക്കല്ല്, നമ്മൾ പറഞ്ഞതുപോലെ, പ്രകൃതിയിൽനിന്നും അപരനിൽനിന്നും ഒരുപോലെ അന്യവൽക്കരിക്കപ്പെട്ട് തന്റെ സ്വകാര്യസുഖങ്ങളുടെ ലോകത്ത് അഭിരമിക്കുന്ന വ്യക്തിയാണ്. പരസ്യങ്ങളുടെയെല്ലാം ഉള്ളടക്കം ശ്രദ്ധിച്ചാൽ ഇതു വ്യക്തമാകും. ഈ സ്വകാര്യവ്യക്തിക്ക് എല്ലാത്തിനോടും പ്രയോജനമാത്രാപരമായ (utilitarian) ബന്ധമാണുള്ളത്. ഇയാൾ തന്നെയാണ് ഹിംസകളുടെയെല്ലാം ഉറവിടവും.

എന്നാൽ സ്വകാര്യവ്യക്തി പൂർണ്ണമായും മുതലാളിത്തത്തിന്റെ ഉൽപ്പന്നമാണെന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. സവിശേഷ (unique) സ്ഥലകാലമുള്ള ശരീരത്തോടുള്ള ഏകപക്ഷീയ താദാത്മ്യത്താൽ 'താൻ' (self) എന്ന മൂല്യാനുഭവത്തെ തികച്ചും ശരീര/വ്യക്തി നിഷ്ഠമായി മനസിലാക്കുവാനും സാർവത്രികമായ (universal) 'തന്നെ' അവഗണിച്ചുക്കൊണ്ട് സ്വകാര്യ അൽപ്പത്തങ്ങളിൽ മുഴുകുവാനുമുള്ള ഒരു വാസന മനുഷ്യന് സഹജമായിട്ടുണ്ടെന്നു പറയാം. വാസ്തവത്തിൽ, ഈ സ്വകാര്യവ്യക്തിയാണ് പല മതങ്ങളിലും പരാമർശിക്കപ്പെടുന്ന ചെകുത്താൻ. മരുഭൂമിയിൽ തപസ്സുചെയ്യുന്ന യേശുവിനെ പ്രലോഭിപ്പിക്കാൻ ചെകുത്താൻ നൽകുന്ന വാഗ്ദാനങ്ങൾ ശ്രദ്ധിച്ചാൽ ഇതു മനസ്സിലാകും. എല്ലാ ഗുരുക്കന്മാരും വിദ്യാഭ്യാസ-ആദ്ധ്യാത്മിക സമ്പ്രദായങ്ങളും നിരന്തരം ഊന്നുന്നത്, ഏതുവിധേനയും സ്വന്തം തടി (അഹന്ത) രക്ഷിക്കുവാനുള്ള (self-preservation) ഈ മൃഗീയവാസനയിൽനിന്നും മനനത്തിലൂടെ ആത്മജ്ഞാനം (self-understanding) എന്ന വിശാല ലക്ഷ്യത്തിലേക്കു വളരുവാനാണ്. 'മനനം ചെയ്യുന്നവനാണു മനുഷ്യൻ' എന്ന് ഈ അർത്ഥത്തിലാണ് പറയുന്നത്. എന്നാൽ, അനാദികാലം മുതൽ ജ്ഞാനികളും വിവിധ സമൂഹങ്ങളുമെല്ലാം അപകടകരമെന്നു തിരിച്ചറിഞ്ഞ സ്വകാര്യതാല്പ്പര്യങ്ങളെ നിരന്തരം ഉല്പാദിപ്പിച്ചും സ്വകാര്യവ്യക്തിയെ മഹത്വവല്ക്കരിച്ചുമാണ് മുതലാളിത്തം വാഴുന്നത്; അങ്ങനെയാണു ഭൂമി നരകമായി മാറുന്നതും.

**കമ്പോളവ്യവസ്ഥിതി സ്വകാര്യവ്യക്തിയിൽ നിരന്തരം ഭയത്തെ ഉല്പാദിപ്പിക്കുന്നതായി തോന്നാറുണ്ട്. വ്യക്തിയെ അയാളുടെ സ്വകാര്യലോകത്തേക്ക് നിരന്തം തള്ളിവിടുന്നതിന് വേണ്ടി ബോധപൂർവ്വം ഒരു അരക്ഷിതാവസ്ഥ നിർമ്മിക്കപ്പെടുന്നില്ലേ?**

ഉണ്ട്. വാസ്തവത്തിൽ ഭയങ്ങളുടെയെല്ലാം മൂലകാരണം സ്വകാര്യതാൽപര്യങ്ങളുണ്ടാക്കുന്ന അന്യവല്ക്കരണമാണ്. അങ്ങനെ മറ്റെല്ലാത്തിൽ നിന്നും അന്യവല്ക്കരിക്കപ്പെട്ട് എപ്പോൾ വേണമെങ്കിലും അപകടമോ മരണം തന്നെയോ സംഭവിക്കാവുന്ന ശരീരം മാത്രമാണ് താനെന്നു വരുമ്പോഴാണ് സുരക്ഷിതത്വമില്ലായ്മയും മരണഭീതിയും ഹ്രസ്വദൃഷ്ടിയുമൊക്കെ വ്യക്തിയുടെ കൂടപ്പിറപ്പാകുക. കൂടുതൽ ഉപഭോഗാസക്തികളിൽ മുഴുകിയും സമ്പത്താർജ്ജിച്ചും ഈ 'വിധി'യെ മറക്കാനും മറികടക്കാനുമാണ് തുടർന്നുള്ള ശ്രമം. ഇതയാളെ കൂടുതൽ ഗുരുതരമായ അന്യവല്ക്കരണത്തിലേക്കു നയിക്കുന്നു. ഇതൊരു ദൂഷിതവലയമാണ്. ഇങ്ങനെ, ഒരു പിരമിഡിന്റെ ഘടനയുള്ള മുതലാളിത്ത വ്യവസ്ഥിതിയിലെ ഭൂരിപക്ഷം അംഗങ്ങളും തങ്ങളുടെ കഴിവിനൊത്ത് വിഭവസമാഹരണത്തിനും ഉപഭോഗത്തിനും ശ്രമിക്കുമ്പോൾ താഴെത്തട്ടിൽ നിന്നും മുകളിലേക്കുണ്ടാകുന്ന നിരന്തരമായ അധികാര-ധന കേന്ദ്രീകരണവും, ഉല്പാദനവും ഒഴിവാക്കാനാകില്ല. പരിമിതമായ ഭൗതീകവിഭവങ്ങളുള്ള ഭൂമിയിൽ അപരിമിതമായി വളരുകയെന്നതിന്റെ അർത്ഥവും യുദ്ധമെന്നു തന്നെയാണ്. നാണയസമ്പദ്‌വ്യവസ്ഥയാണ് ഈ സാഹചര്യങ്ങളെയെല്ലാം അറുവഷളാക്കുന്നത്.

ഇന്ന് വികസിതരാജ്യങ്ങളുടെ ഏറ്റവും പ്രധാന വരുമാന സ്രോതസ്സുകളിലൊന്ന് ഇങ്ങനെ ഊഹകച്ചവടത്തിൽനിന്നും ഉണ്ടാകുന്ന (ഫിനാൻസ്) മൂലധനവും അതുപയോഗിച്ചുള്ള കടം കൊടുക്കലും പലിശവാങ്ങലുമൊക്കെയാണ്. മൂന്നാം ലോകരാജ്യങ്ങൾ എന്ന് ഇവർ അധിക്ഷേപിക്കുന്ന ദേശങ്ങളാണ് മനുഷ്യർക്ക് യഥാർത്ഥത്തിൽ പ്രയോജനമുള്ള സാധനങ്ങളുണ്ടാക്കുന്നത്.

**തീർച്ചയായും. നാണയവ്യവസ്ഥയെക്കുറിച്ചുള്ള പരാമർശം വളരെ പ്രധാനപ്പെട്ടതാണ്. പലപ്പോഴും മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചും ഭരണകൂടത്തിന്റെ മർദ്ദക സ്വഭാവത്തെക്കുറിച്ചുമുള്ള ചർച്ചകളിൽ സമ്പദ്‌വ്യവസ്ഥയുടെ സ്വാധീനത്തെക്കുറിച്ച് വിലയിരുത്തലുകൾ ഉണ്ടാകാറില്ല. പണം എങ്ങനെയാണ് ഇക്കാര്യങ്ങളെ സ്വാധീനിക്കുന്നത് എന്ന് വിശദമാക്കാമോ?**

ഇതര വ്യവസ്ഥിതികളിൽ നിന്നും വ്യത്യസ്തമായി മറ്റാരുമായും സഹജമായ ബന്ധങ്ങളില്ലാതെ ജീവിക്കാൻ ഇന്നൊരുവന് പ്രാപ്തി നല്കുന്ന ഉപാധി പണമാണ്. പണമുള്ളവന് അയൽക്കാരനെ ആവശ്യമില്ല; സൂപ്പർ മാർക്കറ്റു മതി. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ഇത്രയും മൂർത്തമായ ഒരു സ്വകാര്യനെ ഉണ്ടാക്കുന്നത് പണമാണ്. സഹജമായി യാതൊരു മൂല്യവുമില്ലാത്ത, വ്യവഹാരസൗകര്യത്തിനുള്ള ഒരു ഉപാധി മാത്രമാണ് പണമെന്ന് വ്യവസായ പൂർവ്വ സമൂഹങ്ങളിലുള്ളവർക്ക് അറിയാമായിരുന്നു. പണം പലിശയ്ക്ക് കൊടുക്കുന്നത് പല പാരമ്പര്യങ്ങളിലും വിലക്കിയിരുന്നത് അതിനാലാണ്. മൂല്യമൊന്നുമില്ലാത്ത ഒന്നിനെ ആവർത്തിക്കുന്നതിലൂടെ സമ്പത്തു പെരുപ്പിക്കുന്നത് സമൂഹത്തിലെ യഥാർത്ഥ വിഭവങ്ങളെ തടിയനങ്ങാതെ കൊള്ളയടിക്കലാണെന്ന ബോധ്യമായിരുന്നു അതിനു പിന്നിൽ.

ദേശരാഷ്ട്രങ്ങൾ, വ്യവസായവിപ്ലവം, നഗരവല്ക്കരണം കോളനീവല്ക്കരണം, രണ്ടു ലോകയുദ്ധങ്ങൾ, ഊഹമൂല്യം മാത്രമുള്ള ആഡംബരവസ്തുക്കളുടെ പ്രചാരം തുടങ്ങിയവയൊക്കെ ചേർന്നുണ്ടാക്കിയ കമ്പോളവ്യാപനത്തിന്റെയും അധികാര കേന്ദ്രീകരണത്തിന്റെയും ഭാഗമായാണ് നാണയസമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുന്നത്. അങ്ങനെ, മുമ്പ് വിഭവം-പണം-വിഭവം എന്ന നിലയിൽ ഭിന്ന മൂല്യങ്ങളെ ഏകീകരിക്കുവാനുള്ള ഉപാധി ആയിരുന്ന പണം, പിന്നീട് പണം-വിഭവം-പണം എന്ന നിലയിൽ സകലമൂല്യങ്ങളും പണത്തിനായി, പണത്തിന്റെ മാനദണ്ഡത്തിൽ മാത്രം മനസ്സിലാക്കപ്പെടുന്ന സാഹചര്യമായി.

സഹജമായി മൂല്യമൊന്നുമില്ലാത്ത പണത്തിന്റെ മൂല്യം ആരാണ് നിശ്ചയിക്കുന്നത് എന്നതാണ് പ്രശ്നം. ഡോളറുമായുള്ള താരതമ്യത്തിലാണ് ഇന്നു ലോകം മുഴുവൻ മനുഷ്യാദ്ധ്വാനം ഉൾപ്പെടെയുള്ള സകല വിഭവങ്ങളുടേയും മൂല്യം നിർണ്ണയിക്കപ്പെടുന്നത്. ഈ ഡോളറിന്റെ മൂല്യം അന്താരാഷ്ട്ര ബാങ്കർമാരുൾപ്പെടുന്ന കുറച്ചു കച്ചവടക്കാർ, ചൂതുകളിക്കാരാണ് തീരുമാനിക്കുന്നത്. ഒപ്പം തങ്ങളുടെ ബാങ്കുകളിലൂടെ നിരന്തരം പണം സമാഹരിച്ച് അവർ വൻകിട കുത്തകകൾക്ക് കൈമാറുകയും ചെയ്യുന്നു. ഓഹരിക്കമ്പോളമെന്ന ഔദ്യോഗിക ചൂതുകളികേന്ദ്രങ്ങളും ഇതിന്റെയൊ



ക്കെ ഭാഗമാണ്. ഇന്ന് വികസിതരാജ്യങ്ങളുടെ ഏറ്റവും പ്രധാന വരുമാന സ്രോതസ്സുകളി ലൊന്ന് ഇങ്ങനെ ഊഹകച്ചവടത്തിൽനിന്നും ഉണ്ടാകുന്ന (ഫിനാൻസ്) മൂലധനവും അതു പയോഗിച്ചുള്ള കടം കൊടുക്കലും പലിശവാ ങ്ങലുമൊക്കെയാണ്. മൂന്നാം ലോകരാജ്യങ്ങൾ എന്ന് ഇവർ അധിക്ഷേപിക്കുന്ന ദേശങ്ങളാണ് മനുഷ്യർക്ക് യഥാർഥത്തിൽ പ്രയോജനമുള്ള സാധനങ്ങളുണ്ടാക്കുന്നത്. വികസിത രാജ്യ ങ്ങൾ നൽകുന്ന ലോണുകൾ ഒരു പ്രാദേശിക കാർഷിക സമ്പദ്‌വ്യവസ്ഥയുടെ മിച്ചമൂല്യത്തി ൽ നിന്നും നമുക്കൊരിക്കലും തിരിച്ചടക്കാനാ കില്ല. ലോകബാങ്ക്, അതിന്റെ ലോണുകളോ ടൊപ്പം ഒരു രാജ്യത്തെ സമ്പദ്ഘടനയിൽ നട ത്തുന്ന കമ്പോളോന്മുഖ മാറ്റങ്ങളുടെ (structural changes) അന്തഃസത്തയിതാണ്.

**ഡോളർ എന്ന മാനദണ്ഡം ഉപേക്ഷിച്ചാൽ ഇത്തരം പ്രശ്നങ്ങളൊഴിവാക്കാൻ പറ്റുമോ?**

ഡോളർ ഉപേക്ഷിച്ചാൽ തീരുന്ന പ്രശ്നങ്ങളല്ല ഇതൊന്നും. പണം സഹജമായിത്തന്നെ അധി കാര കേന്ദ്രീകരണത്തിന് വഴിവെക്കുന്നുവെ ന്നതാണ് കാരണം. അഥവാ, പണം തന്നെ ഒ രു ഉല്പന്നമാണ്. അതിന്റെ മൂല്യനിർണ്ണയം നടത്തുന്നവരാണ് ലോകത്തെ നിയന്ത്രിക്കുന്ന ത്. 2020ഓടുകൂടി ഇന്ത്യയിലെ എല്ലാവരേയും ബാങ്കിംഗിന്റെ ഭാഗമാക്കാനുള്ള ഇന്ത്യൻ റി സർവ്ബാങ്ക് ലക്ഷ്യത്തെ ഈ പശ്ചാത്തലത്തി ലും കൂടി വേണം പരിശോധിക്കുവാൻ.

പണം ഉണ്ടാക്കുന്ന കുത്തകവല്ക്കരണ ത്തിന് വേറെയും മാനങ്ങളുണ്ട്. ഒരു മനുഷ്യ ന്റെ സാമാന്യബുദ്ധിക്കു വഴങ്ങുന്നതും സു താര്യവും പ്രാദേശികവുമായിരിക്കേണ്ട സാമ്പ ത്തികതത്വങ്ങളും വ്യവഹാരങ്ങളും ഇന്ന് അ ത്രമേൽ സങ്കീർണ്ണമായ ഒരു വ്യവസ്ഥയാണ്. സാധാരണക്കാർക്ക് എന്നല്ല അതിവിദഗ്ദ്ധരാ യ സാമ്പത്തികശാസ്ത്രജ്ഞന്മാർക്കുപോലും പിടികിട്ടുന്നതല്ല അതിന്റെ ഉള്ളുകള്ളികൾ. നോബേൽ സമ്മാനം നേടിയ സാമ്പത്തിക ശാസ്ത്രജ്ഞൻ പോൾ ക്രൂഗ്മാൻ നിരീക്ഷിച്ച ത്, അമേരിക്കയിലെ സാമ്പത്തിക തകർച്ചയ് ക്ക് വഴിയൊരുക്കിയ ചില മ്യൂച്ചൽ ബോണ്ടു കൾ നിർമ്മിച്ച വിദഗ്ദ്ധർക്കുപോലും അതി ന്റെ സങ്കീർണ്ണതമൂലം പിന്നീട് അതിന്റെ മൂല്യ നിർണ്ണയം നടത്താനായില്ലെന്നാണ്.

**കോളനി വ്യവസ്ഥയുടെ ഭാഗമായാണല്ലോ ആധുനികരാഷ്ട്രം എന്ന സങ്കൽപ്പം ഇന്ത്യ യിലും വേരുറയ്ക്കുന്നത്. ജനതയുടെ സ്വ യംഭരണശേഷിയെ തകർത്തുകൊണ്ട് ബ്രിട്ടീ ഷുകാർ നിർമ്മിച്ചെടുത്ത ആധുനിക രാ ഷ്ട്രത്തിന്റെ ഭരണവ്യവസ്ഥതന്നെയല്ലേ ഇവിടെ തുടർന്നുപോരുന്നത്?**

അതെ. ആ അനുഭവത്തെ സമൂർത്തമായി മ നസ്സിലാക്കാൻ നമുക്ക് ഇവിടത്തെ പൊതുഭൂ മിയുടെ കാര്യം തന്നെയെടുക്കാവുന്നതാണ്. ആധുനിക രാഷ്ട്രങ്ങളുടെ രൂപപ്പെടലിന് മു മ്പ് ലോകമൊമ്പാടുമുള്ള ഭരണവ്യവസ്ഥകളെ ല്ലാം പൊതു ഇടങ്ങളെ അംഗീകരിച്ചുകൊണ്ടാ ണ് നിലനിന്നിരുന്നത്. ഉദാഹരണത്തിന് ഇ ന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന് മുമ്പ് വനങ്ങ ളടക്കം ഒരു പ്രദേശത്തെ ഭൂമിയുടെ ചെറുത ല്ലാത്തൊരു ഭാഗം പൊതുസമൂഹത്തിന്റെതാ യിരുന്നു. അനാദികാലം മുതൽക്കുള്ള ഈ പൊതു ഉടമസ്ഥത രാജാവിനുപോലും ഒരു പരിധിവിട്ടു ചോദ്യം ചെയ്യാനാകുമായിരുന്നി ല്ല. ഇതിനു വിരുദ്ധമായി ആധുനികരാഷ്ട്രം, സ്വകാര്യസ്വത്ത്-സർക്കാർ ഭൂമി എന്നിങ്ങനെ രണ്ടുതരം ഉടമസ്ഥതകളെ അംഗീകരിക്കുന്നു ള്ളൂ. ഈ നയത്തിന്റെ ഭാഗമായി ബ്രിട്ടീഷ് സർക്കാർ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ വന ങ്ങൾ ഏറ്റെടുത്തതാണ് ഇവിടുത്തെ സാമൂഹി ക ഇഴകൾ അപ്പാടെ തകരുന്നതിലെ ഏറ്റവും പ്രധാന കാരണങ്ങളിലൊന്ന്.

കോളനിഭരണത്തിനു മുമ്പ് ഇവിടുത്തെ സമ്പദ്‌വ്യവസ്ഥയുടെ മൂലക്കല്ല് വനങ്ങളായി രുന്നു. ഒരു ജനത വനത്തെ ആശ്രയിച്ചു ജീ

വിക്കുമ്പോൾ ആ വനത്തിന്റെ ആരോഗ്യവും സുസ്ഥിരതയും ആ ജനതയുടെ മുൻഗണന യായിരിക്കും. സമൂഹത്തെ വനത്തിൽ നിന്നും അന്യവൽക്കരിച്ച് വനങ്ങൾ സർക്കാർ ഏറ്റെടുക്കുന്നതോടെയാണ് ഇവിടുത്തെ വനനശീകരണം തുടങ്ങുന്നത്. ബ്രിട്ടീഷ് ഭരണകൂടം അവരുടെ വനം വകുപ്പിനെ ഉപാധിയാക്കി കപ്പലുണ്ടാക്കാനും റെയിൽപാളങ്ങൾക്കുമായി നിത്യഹരിതവനങ്ങളെ വെട്ടിവെളുപ്പിച്ചു. അതേ സമീപനത്തിന്റെ തുടർച്ചയായി ഇന്ത്യൻ സർക്കാരിന്റെ വനംവകുപ്പ് വനം വെട്ടി വ്യാവസായിക ആവശ്യത്തിനുള്ള യൂക്കാലിയും അക്വേഷിയയും നട്ടു. ഇന്നു സർക്കാർ, ആദിവാസികളെ വംശഹത്യ നടത്തി വനങ്ങൾ അപ്പാടെ തന്നെ 'വേദാന്ത' പോലുള്ള കോർപ്പറേറ്റുകൾക്ക് കൈമാറുന്നു. ഡാമുകളുടെ പേരിൽ ജലസ്രോതസ്സുകളും പിടിച്ചെടുക്കുന്നു. ഇക്കാര്യത്തിൽ മുതലാളിത്ത ഭരണകൂടമെന്നോ സോഷ്യലിസ്റ്റ് ഭരണകൂടമെന്നോ ഉള്ള വ്യത്യാസമില്ല. ഇടതുപക്ഷ സർക്കാർ നിലനില്ക്കുന്നതായി പറയപ്പെടുന്ന ബ്രസീലിലെ ആമസോൺ കാടുകളിൽ എണ്ണ പര്യവേക്ഷണം നടത്തുവാൻ ആ സർക്കാരിനെ സഹായിക്കുന്നത് മറ്റൊരു ഇടതുപക്ഷ സർക്കാർ നിലനിൽക്കുന്ന വെനിസ്വലയിലെ പൊതുമേഖലാ എണ്ണ കമ്പനിയാണ്.

മനുഷ്യരുടേയും ജനതകളുടെയും സ്വയംപര്യാപ്തതയും സ്വയംഭരണശേഷിയും നശിപ്പിച്ചുക്കൊണ്ടാണ് കമ്പോളവും രാഷ്ട്രവും നിരന്തരം 'വികസിക്കുന്നത്'. ധനകാര്യമന്ത്രി ആയിരുന്ന പി. ചിദംബരത്തോട് ഭാവി ഇന്ത്യയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സ്വപ്നം എന്താണെന്ന് ചോദിച്ചപ്പോൾ, 85% ജനങ്ങളും നഗരത്തിൽ താമസിക്കുന്ന ഇന്ത്യയാണ് തന്റെ സ്വപ്നം എന്നായിരുന്നു മറുപടി. നഗരം എന്നാൽ കമ്പോളാശ്രിതത്വം എന്നാണ് അർത്ഥം. ചരിത്രത്തിൽ ആദ്യമായി ഇന്ന് മനുഷ്യരാശിയുടെ പകുതിയിലധികം നഗരങ്ങളിലാണ് താമസിക്കുന്നത്. ഈ നിരക്ക് വർദ്ധിച്ചും വരുന്നു.

**ഭരണകൂട വിധേയരാകാൻ, അവകാശങ്ങൾ ഹനിക്കപ്പെടുന്നതിനെക്കുറിച്ച് അബോധരായിരിക്കാൻ വ്യക്തികളെ രാഷ്ട്രം പരുവപ്പെടുത്തുന്നില്ലേ? അന്യവത്കരണം അനുഭവപ്പെടുന്നുണ്ടെങ്കിൽപ്പോലും അതിനെ അഭിമുഖീകരിക്കാതെ ഒളിച്ചോടുന്നതിനുള്ള ഇടങ്ങൾ ഭരണകൂടം തന്നെ വ്യക്തികൾക്കായി ഒരുക്കുന്നു. ഉദ്യോഗസ്ഥവ്യവസ്ഥയ്ക്ക് ലഭിക്കുന്ന വമ്പിച്ച പരിഗണനകളും അങ്ങനെയുണ്ടാകുന്ന മധ്യവർഗ്ഗ ജീവിതവുമെല്ലാം സമൂഹങ്ങളെയും വ്യക്തികളേയും യാഥാർത്ഥ്യത്തിൽ നിന്നും വഴുതിമാറുന്നവരാക്കുന്നില്ലേ?**

അതെ. കുറസോവയുടെ 'ഇക്കുറു' എന്ന സിനിമ ഇതുമായി ബന്ധപ്പെട്ട് കാണേണ്ട പടമാണ്. ഭരണകൂടം വ്യക്തികളെ പാകപ്പെടുത്തുന്നത് മനസ്സിലാക്കാൻ രാഷ്ട്രങ്ങളിലെ സൈനീകരുടെ രൂപീകരണം ശ്രദ്ധിച്ചാൽ മതി. ആദ്യം അനുസരിക്കുക പിന്നീട് ചോദിക്കുക (first obey then question) എന്നതാണ് എല്ലാ സൈനീകരും പാലിക്കേണ്ട അലിഖിത നിയമം. അതായത്, തന്റെ മേധാവി ആവശ്യപ്പെടുന്ന എന്തു നെറികേടും നിറവേറ്റുക, പിന്നീടു മാത്രം അതിന്റെ നന്മതിന്മകളെ വിവേചിക്കുക. മറ്റൊരു ഏർപ്പാടുള്ളത് പരിശീലന ഘട്ടത്തിൽ ഒരാളെ നിരന്തര അപമാനങ്ങൾക്ക് വിധേയനാക്കി അയാളിലെ മനുഷ്യത്വം നശിപ്പിച്ച്, ആരെയും എപ്പോൾ വേണമെങ്കിലും ആജ്ഞാനുസരണം കൊല്ലാൻ തയ്യാറുള്ള ഒരു സൈനീകനായി മാറ്റുന്നതാണ്. ഇങ്ങനെ, ശരിയായ വിദ്യാഭ്യാസപ്രക്രിയയ്ക്കു നേർവിപരീതമായ സമീപനങ്ങളാണ് സൈന്യത്തിൽ അരങ്ങേറുന്നത്. ഗാന്ധിജി രാഷ്ട്രപിതാവായിരിക്കുന്ന ഇന്ത്യയിൽ സൈനീകർക്കായി അവർ പെൻഷൻപറ്റി കഴിഞ്ഞുപോലും സർക്കാർ സൗജന്യമായി മദ്യം വിതരണം ചെയ്യുന്നത് എന്തിനാണ്? കാരണം, അവരുടെ ബുദ്ധിമാന്ദ്യത്തിലാണ് ഈ പ്രസ്ഥാനത്തിന്റെ നിലനിൽപ്പ്. ചുരുങ്ങിയ കാലത്തെ പരിശീലനത്തിന് ശേഷം ഒരാൾ സൈന്യത്തിൽ ചേർന്നുകഴിഞ്ഞാൽ കുറഞ്ഞത് പതിനഞ്ച് വർഷത്തേക്ക് അയാൾ എത്ര ആഗ്രഹിച്ചാലും സേനയിൽ നിന്നും വിടുതൽ കിട്ടില്ല. പറയാതെ വിട്ടുപോയാൽ ജയിലിലടക്കാൻ വകുപ്പുമുണ്ട്. എന്തിനാണ് ഇത്തരം ഏർപ്പാടുകൾ? കാരണം, സൈന്യത്തിൽ ചേർന്നു കഴിഞ്ഞ് അതിൽനിന്നും പോരാൻ സ്വാതന്ത്ര്യമുണ്ടെങ്കിൽ മഹാഭൂരിപക്ഷവും അതിൽനിന്നും രക്ഷപ്പെടും.

സൈന്യത്തെക്കുറിച്ച് പറഞ്ഞത് രാഷ്ട്രത്തിന്റെ ഏറ്റവും സമൂർത്തമായ മുഖമെന്ന നിലയ്ക്കാണ്. പല അനുപാതത്തിൽ പൊതുവിൽ പൗരന്മാരെ സംബന്ധിച്ചും പ്രത്യേകിച്ച് ഉദ്യോഗസ്ഥവൃന്ദത്തെ സംബന്ധിച്ചും ഇത് സത്യമാണ്.

**ഈ പരുവപ്പെടലിൽ നിന്നും പുറത്തുകടന്ന് മനുഷ്യരാശിക്ക് വേണ്ടി രാഷ്ട്രങ്ങളെ ചോദ്യം ചെയ്യാൻ തയ്യാറായവരെയെല്ലാം ഭരണകൂടങ്ങളുടെ പ്രഖ്യാപിത ശത്രുക്കളും അവയാൽ വേട്ടയാടപ്പെടുന്നവരും ആകുന്നതാണ് എക്കാലത്തെയും അനുഭവം. ആധുനി**

**ക രാഷ്ട്രങ്ങൾ രൂപമെടുത്ത കാലം മുതൽ വ്യക്തികൾക്ക് മേൽ ഈ ആധിപത്യ പ്രവണത കാണാം. ഇന്നത് കൂടുതൽ സൈനീകമായ രീതിയിലേക്ക് മാറുകയല്ലേ ഉണ്ടായത്?**
ലോകത്തെവിടെയും അങ്ങനെത്തന്നെയാണ്. രാഷ്ട്രവും മനുഷ്യരാശിയും തമ്മിലുള്ള വൈരുധ്യങ്ങൾക്ക് ഏറ്റവും പുതിയ ഉദാഹരണങ്ങളാണ് അമേരിക്കയുടെ ഭരണകൂട ഭീകരതയെ ലോകത്തിനു മുന്നിൽ വെളിപ്പെടുത്തിയ ബ്രാഡ്‌ലി മാനിംഗ്, ജൂലിയൻ അസാൻജെ, സ്നോഡൻ തുടങ്ങിയവരുടെ തിക്താനുഭവങ്ങൾ. ബ്രാഡ്‌ലി എന്ന ഇരുപത്തിനാലുകാരന് 35 വർഷത്തെ തടവാണ് വിധിച്ചിരിക്കുന്നത്. വിക്കിലീക്സിന്റെ സ്ഥാപകനായ അസാൻജെ രണ്ടു വർഷമായി ബ്രിട്ടണിലെ ഇക്വഡോർ എംബസ്സിയിൽ കഴിയുന്നു. സ്നോഡനു ജന്മദേശത്ത് കാലുകുത്താൻ കഴിയാത്ത അവസ്ഥയാണ്. മുഴുവൻ മനുഷ്യരാശിയെയും പ്രതി നിലപാടെടുത്ത ഇവരെല്ലാം ദേശരാഷ്ട്രങ്ങളുടെ പ്രഖ്യാപിത ശത്രുക്കളായിരിക്കുന്നത് എന്തുകൊണ്ടാണ്?

**പ്രായോഗികമായി മുതലാളിത്തത്തെ ആശ്രയിച്ചും പ്രത്യയശാസ്ത്രപരമായി രാഷ്ട്രത്തെ അംഗീകരിച്ചും നിലനിൽക്കുന്ന മുഖ്യധാരാ മാദ്ധ്യമങ്ങളുടെ ധാർഷ്ട്യവും വല്ലാതെ വർദ്ധിക്കുന്നുണ്ട്. നിർവികാരതയും ഉത്കണ്ഠയും തുല്യമായി വിതരണം ചെയ്തുകൊണ്ട് ഭരണകൂട അധീശത്വത്തിന് അനുകൂലമായ പരിസരം മാധ്യമങ്ങൾ നിർമ്മിക്കുന്നില്ലേ? ശ്യാമിനെ കസ്റ്റഡിയിൽ എടുത്തപ്പോഴും അതിസാഹസികമായി പിടികൂടുകയായിരുന്നു എന്ന വാർത്തയാണ് പോലീസ് ഭാഷ്യത്തോടെ പത്രത്തിൽ വന്നത്. ഇത് ഒറ്റപ്പെട്ട സംഭവമല്ല. കെട്ടിച്ചമയ്ക്കപ്പെട്ട പല കേസുകളെക്കുറിച്ചും അടുത്തിടെ അന്വേഷിച്ചപ്പോൾ അത്യന്തം ഗുരുതരമായ രീതിയിൽ ഈ വാർത്താ നിർമ്മിതി നടക്കുന്നുണ്ട്. തീവ്രവാദ കേസ് ആരോപിച്ച് അറസ്റ്റ് ചെയ്ത ഒരു മുസ്ലീം ചെറുപ്പക്കാരൻ, അവനും ഉമ്മയും മാത്രമാണ് ഒരു വീട്ടിൽ കഴിഞ്ഞിരുന്നത്. മകൻ അറസ്റ്റിലായതോടെ ഒറ്റയ്ക്കായ ഉമ്മ ഒരു ബന്ധുവീട്ടിലേക്ക് താമസം മാറി. എന്നാൽ തീവ്രവാദി പിടിയിലായതോടെ ഉമ്മ ഒളിവിൽ പോയി എന്നാണ് പത്രങ്ങൾ ആ സംഭവത്തെ റിപ്പോർട്ട് ചെയ്തത്. ഇത്തരത്തിൽ എത്രയോ സംഭവങ്ങൾ. പോലീസ് ഭരണകൂട സേവയ്ക്ക് വിനിയോഗിക്കപ്പെട്ടവരാണെന്ന് പറയാം, പക്ഷെ മാധ്യമങ്ങളോ?**
അതിൽ അത്ഭുതപ്പെടാനില്ല. നിങ്ങൾ പറഞ്ഞപോലെ ഭൗതികമായി മുതലാളിത്തത്തെ ആശ്രയിച്ചും പ്രത്യയശാസ്ത്രപരമായി രാഷ്ട്രത്തെ അംഗീകരിച്ചും കഴിയുന്ന മുഖ്യധാരാ മാധ്യമങ്ങൾക്ക് വേറെ വഴിയൊന്നുമില്ല. ഡൽഹി ബലാത്സംഗ സംഭവവുമായി ബന്ധപ്പെട്ട് 'ഹിന്ദു' അടക്കമുള്ള മുഖ്യധാരാ മാധ്യമങ്ങൾ പടച്ചുവിട്ട ടൺ കണക്കിന് അഭിപ്രായങ്ങൾ പരിശോധിച്ചാൽ സകലതിനേയും ചരക്കുവൽക്കരിക്കുന്ന മുതലാളിത്തത്തെക്കുറിച്ച് യാതൊരു പരാമർശവും നമുക്കു കാണാനാകില്ല. എല്ലാത്തിനേയും ചരക്കാക്കി മാറ്റുന്ന ഒരു വ്യവസ്ഥിതിയെ പ്രശ്നവൽക്കരിക്കാതെ സ്ത്രീ ചരക്കുവല്ക്കരിക്കപ്പെടുന്നതായി മാത്രം വിലപിക്കുന്നത് നാലാംകിട കള്ളത്തരമാണ്.

ഇത്തരത്തിൽ, ഘടനാപരമായ പ്രശ്നങ്ങളെ പുറത്തുകൊണ്ടുവരാതെ മാധ്യമങ്ങൾ പ്രശ്നങ്ങളെ സവിശേഷവത്കരിക്കുന്നു. ജെയിംസ് ബോണ്ട് സിനിമയിലെപോലെ, പ്രശ്നങ്ങൾക്കെല്ലാം കാരണം കുറച്ച് അഴിമതിക്കാരും ദുഷ്ടബുദ്ധികളുമാണെന്ന മട്ടിലാണ് മാധ്യമങ്ങളിലെ ചർച്ച. അങ്ങനെ, ജനങ്ങളുടെ ശ്രദ്ധ പതിയേണ്ടിടത്ത് അത് പതിയുന്നില്ലെന്ന് അവർ ഉറപ്പുവരുത്തുന്നു. മലയാള പത്രങ്ങളിലെ പിണറായി-അച്ചുതാനന്ദൻ വാർത്തകളൊക്കെ ഇത്തരത്തിലുള്ള ശ്രദ്ധതിരിച്ചുവിടലിന്റെ നല്ല ഉദാഹരണമാണ്.

**ദേശരാഷ്ട്രത്തെ വിമർശനാത്മകമായി വിലയിരുത്തുമ്പോൾത്തന്നെ അതിന്റെ രൂപീകരണത്തിന് ആധാരമായിത്തീർന്ന ചോദനകളെ തള്ളിക്കളയാൻ പറ്റില്ലല്ലോ? ഫ്യൂഡൽ പ്രഭുത്വത്തിനും സാമ്രാജ്യത്വത്തിനും എതിരായ സമൂഹങ്ങളുടെ സ്വാതന്ത്ര്യാഭിവാഞ്ജയിൽ നിന്നും രൂപമെടുത്തമെടുത്തതല്ലേ ദേശരാഷ്ട്രങ്ങളുടെ ആദ്യകാല രൂപങ്ങൾ?**
ദേശരാഷ്ട്രം പൂർണ്ണമായും മനുഷ്യവിരുദ്ധതയിൽ നിന്നു രൂപം കൊണ്ടതാണെന്നല്ല ഇതുവരെ പറഞ്ഞതിന്റെയൊക്കെ അർത്ഥം. ഇന്നത്തെ ഒരുപാട് രാഷ്ട്രങ്ങൾ അതാതു പ്രദേശത്തെ ജനങ്ങളുടെ ഒരു കാലത്തെ എത്രയും ഗംഭീരമായ പ്രചോദനങ്ങളുടെ പരിണിതഫലമാണ്. എന്നാൽ ജീവിതത്തെ സംബന്ധിച്ച ചില അടിസ്ഥാനതത്വങ്ങൾക്ക് നിരക്കാത്തതിനാൽ അവയുടെ അപചയം അനിവാര്യമാണ്. അന്യതാബോധവും അതിർത്തിയുമാണ് രാഷ്ട്രത്തിന്റെ പ്രാഥമിക മൂലധനം. മാരകമെന്നു കണ്ട് ഇന്ത്യയിൽ എൻഡോസൾഫാൻ നിരോധിച്ച സുപ്രീംകോടതി അതു കയറ്റുമതി ചെയ്യാൻ അനുമതി കൊടുക്കുന്നത് അതുക്കൊണ്ടാണ്. മനുഷ്യരാശി ഇന്നു നേരിടുന്ന ഏറ്റവും വലിയ രാഷ്ട്രീയ വെല്ലുവിളികളി



മുതലാളിത്തത്തിന്റെ ദാർശനിക അടിത്തറ ആധുനികശാസ്ത്രമാണെന്നു പറയാം. ഐൻസ്റ്റൈനിന്റെ അപേക്ഷികതാസിദ്ധാന്തവും ഡാർവിന്റെ പരിണാമവാദവുമൊക്കെ മുതലാളിത്തം അതിന്റെ നീതീകരണത്തിനായി ഉപയോഗിക്കുന്നുണ്ട്.

ലൊന്ന് രാഷ്ട്രം എന്ന ചരിത്രപരമായ മണ്ഡ ത്തരത്തെ എങ്ങനെ മറികടക്കാമെന്നതാണ്.

**ഈ മറികടക്കലിന്റെ ദിശയെന്താണ്? പരമാധികാരികളായ ആധുനിക രാഷ്ട്രങ്ങളുടെ പരിധികൾക്കുള്ളിൽ നിന്നുകൊണ്ട് അതെങ്ങനെയാണ് സാധ്യമാകുന്നത്? മുതലാളിത്തത്തിന് എതിരായ ചട്ടപ്പടി സമരങ്ങളെല്ലാം പതറുന്ന കാഴ്ച എന്ത് പുനർചിന്തയാണ് ആവശ്യപ്പെടുന്നത്?**

മുതലാളിത്തവ്യവസ്ഥയുടെ രൂപപ്പെടലിനു പ്രാഥമിക കാരണങ്ങളിലൊന്ന് അഞ്ചാം നൂറ്റാണ്ടു മുതൽ പതിനഞ്ചാം നൂറ്റാണ്ടു വരെ യൂറോപ്പു ഭരിച്ച കത്തോലിക്കാസഭയുടെ ദൈവശാസ്ത്രത്തിലും പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ അവിടത്തെ പൊതുമണ്ഡലത്തിൽ ശക്തിപ്പെട്ട് പിന്നീട് ലോകം മുഴുവന് വ്യാപിച്ച ആധുനികശാസ്ത്രത്തിന്റെ ജ്ഞാനമീമാംസയിലുമുള്ള (epistemology) ദ്വൈതബുദ്ധിയാണ് (dualism). ഏതാണ്ടു ആയിരം വർഷത്തോളം മനുഷ്യനേയും ദൈവത്തേയും (എല്ലാ മൂല്യങ്ങളുടേയും ഉറവിടം എന്ന അർത്ഥത്തിൽ ദൈവത്തെ നമുക്ക് ഇന്ന് പ്രകൃതി എന്നു വിളിക്കാം) അന്യവൽക്കരിച്ച് മനുഷ്യൻ ജന്മനാൽ പാപിയാണെന്ന് പഠിപ്പിക്കുകയും മനുഷ്യനും ദൈവവുമായുള്ള ബന്ധത്തിനിടയ്ക്ക് സ്വയം പ്രതിഷ്ഠിക്കുകയും ചെയ്ത കത്തോലിക്കാസഭ/പൗരോഹിത്യം വാസ്തവത്തിൽ മനുഷ്യന്റെയും പ്രകൃതിയുടെയും ചരക്കുവല്ക്കരണം തന്നെയാണ് നടത്തിക്കൊണ്ടിരുന്നത്. ഈ അന്യവല്ക്കരണം മനുഷ്യനും പ്രപഞ്ചവുമെന്ന ദ്വൈതത്തിലൂടെ ആധുനികശാസ്ത്രത്തിലും അനുസ്യൂതം തുടരുകയാണ്. അതായത്, ശാസ്ത്രം എല്ലായ്പ്പോഴും പ്രപഞ്ചത്തെയും അതിലെ പ്രതിഭാസങ്ങളെയും മനുഷ്യന് പുറത്തുള്ള, മനുഷ്യനിൽ നിന്നും അന്യമായ കാര്യങ്ങളായാണ് വ്യവഹരിക്കുന്നത്. അതുക്കൊണ്ടാണ് ശാസ്ത്രം സാധ്യമാക്കുന്ന അറിവുകളൊന്നും മൂല്യാനുഭവങ്ങൾ ആകാതെ വെറും വസ്തുനിഷ്ഠ വിവരങ്ങൾ (objective informations)ആയി പോകുന്നത്.

ഇതേ ഭേദബുദ്ധി തന്നെയാണ് സ്വകാര്യവ്യക്തിയുടെയും ഗർഭഗൃഹം. അതിനു പകരം, പ്രപഞ്ചത്തെയും മനുഷ്യനേയും രണ്ടല്ലാതെ മനസ്സിലാക്കുന്ന ഒരു ജ്ഞാനമീമാംസയും മൂല്യശാസ്ത്രവും (axiology)രീതിശാസ്ത്രവും (methodology) അവയ്ക്കൊത്ത വിദ്യാഭ്യാസസമ്പ്രദായവും നമുക്കുണ്ടെന്നു കരുതുക; വിശ്വത്തോളം വിശാലമായ ബുദ്ധിയും ഹൃദയവുമുള്ള ധീരരായ മനുഷ്യരാണ് അതിന്റെ പരിണിതഫലം; ഫാക്ടറികളിൽ നട്ടും ബോൾട്ടും തിരിച്ചുകഴിയുന്ന പൊട്ടന്മാരല്ല.

ചുരുക്കത്തിൽ, മുതലാളിത്തത്തിന്റെ ദാർശനിക അടിത്തറ ആധുനികശാസ്ത്രമാണെന്നു പറയാം. ഐൻസ്റ്റൈനിന്റെ അപേക്ഷികതാസിദ്ധാന്തവും ചാൾസ് ഡാർവിന്റെ പരിണാമവാദവുമൊക്കെ മുതലാളിത്തം അതിന്റെ നീതീകരണത്തിനായി ഉപയോഗിക്കുന്നുണ്ട്. മുതലാളിത്തത്തിന്റെ അന്ത്യം തുടങ്ങുക ശാസ്ത്രീയമായ ജീവിതശാസ്ത്രത്തെ (science of life), ദർശനത്തെ നമുക്ക് രൂപപ്പെടുത്താനാകുമ്പോഴാണെന്നു പറയാം.

**ജീവിതശാസ്ത്രത്തെക്കുറിച്ച് പറഞ്ഞത് മനസ്സിലായില്ല?**

മനുഷ്യരാശിയെ സംബന്ധിച്ച് എവിടെയും എക്കാലവും പ്രസക്തമായ ചില അടിസ്ഥാന മാനദണ്ഡങ്ങളുടെ അത്യാവശ്യം നമുക്കുണ്ട്. വിദ്യാഭ്യാസം, നീതി, വികസനം, മതം, ആരോഗ്യം എന്നിങ്ങനെ സകല വിഷയങ്ങളിലും നാം ഇന്നു നേരിടുന്നത് ഇത്തരം മാനദണ്ഡ

ങ്ങളുടെ അഭാവമോ പരസ്പരവിരുദ്ധമായ മാനദണ്ഡങ്ങളുടെ ആധിക്യമോ ആണ്.

നമ്മെ സംബന്ധിച്ച സത്യം നമ്മുടെ ഒരുമയാണ്. ഇവിടെ നമ്മൾ എന്നു പറയുമ്പോൾ ഉള്ളതിനെയെല്ലാം ഉൾക്കൊണ്ടിട്ടാണ് പറയുന്നത്. ഈ യാഥാർത്ഥ്യത്തിലേക്ക് നമ്മളോരോരുത്തരുടേയും സവിശേഷമായ സ്ഥലകാലബോധത്തെ സമന്വയിപ്പിക്കുവാൻ നമുക്കാകണം.

'തന്നിൽ നിന്നന്യമല്ലാതെയെന്നു
കാണുന്നു സർവ്വവും
അന്നേതു മോഹം അന്നേതു
ശോകം ഏകത്വദൃക്കിന്'

(വിവർത്തനം: നാരായണഗുരു) എന്ന് ഈശാവാസ്യോപനിഷത്തിൽ പറയുന്നു. ഇങ്ങനെ, ഒരു മനുഷ്യനാണ് എല്ലാ വിദ്യാഭ്യാസ സമ്പ്രദായങ്ങളുടെയും ലക്ഷ്യമായിരിക്കേണ്ടത്. ഇതിനർത്ഥം, എല്ലാവരും ഉടനെ ബുദ്ധനാകണമെന്നൊന്നുമല്ല. ഒരാൾ ബുദ്ധനാണോ സാധാരണക്കാരനാണോ എന്നൊക്കെയുള്ള വിലയിരുത്തലുകൾ വെറും സാമൂഹികമാണ്. ഓരോരുത്തരും തങ്ങളുടെ കഴിവിനൊത്ത് സത്യത്തോടു താദാത്മ്യപ്പെട്ട്, ആ നിലക്ക് മുഴുവൻ ജീവനോടുമുള്ള തന്റെ സാഹോദര്യത്തെപ്രതി ജീവിക്കുന്നുണ്ടോ എന്നതു മാത്രമാണ് കാര്യം. അങ്ങനെ ജീവിക്കാനാകുമ്പോൾ ഒരാൾ ബോധപൂർവ്വമോ അബോധപൂർവ്വമോ ആയി നിത്യതയെ അനുഭവിക്കുന്നുണ്ട്; മരണത്തെ മറികടക്കുന്നുണ്ട്. പൊതുനന്മയെപ്രതി തങ്ങളുടെ സ്വകാര്യതാല്പ്പര്യങ്ങളെ ത്യജിച്ചു ജീവിക്കുകയും മരിക്കുകയും ചെയ്തിട്ടുള്ള എല്ലാ മനുഷ്യരുടേയും ഊർജ്ജസ്രോതസ്സ് ഇതാണ്. ഇതിനു വിരുദ്ധമായി, സ്വകാര്യവ്യക്തിയെന്ന പൊട്ടക്കിണറ്റിൽ തലപൂണ്ടിരിക്കുന്നവർ തങ്ങളുടെ യഥാർത്ഥ സത്തയെ തന്നെയാണു ചില്ലിക്കാശിനു കൈവെടിയുന്നത്.

ഈ ദിശയിൽ വിശദമായ പഠനങ്ങൾ ആവശ്യമുണ്ട്. നടരാജഗുരുവിന്റെ കൃതികൾ ആ നിലയ്ക്കു വളരെ ശ്രദ്ധേയമാണ്. അത്തരം പഠനങ്ങളിലൂടെ ജീവിതത്തിന്റെ എല്ലാതലങ്ങളിലും തന്നെയും അപരനേയും ഒരുപോലെ ഉൾക്കൊള്ളുന്ന ഒരു മധ്യമാർഗ്ഗം നമുക്കു കണ്ടെത്താനാകും; നിലവിൽ നമ്മൾ ഇടപഴകുന്ന പല മേഖലകളിലേയും അപര്യാപ്തതകൾ തിരിച്ചറിയാനാകും. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട സംഗതി, ആശാന്റെ നെഞ്ചത്തു നിന്നും കളരിക്കു പുറത്തേക്കു ചാടും പോലെ വേറെയാർക്കെങ്കിലും വേണ്ടി മാത്രമായി ഒരാൾ ജീവിക്കുന്നതിലുള്ള എകപക്ഷീയതയാണ്. ഇരുപക്ഷങ്ങളെയും ഒരുപോലെ ഉൾക്കൊള്ളുന്ന നിഷ്പക്ഷതയെക്കുറിച്ചാണ് നമ്മൾ ഇതുവരെ പറഞ്ഞത്.

**രാഷ്ട്രവും ജനാധിപത്യവും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ വ്യക്തമാണ്. എന്നാൽ ഏതെങ്കിലുമൊരു പരമാധികാര രാഷ്ട്രത്തിന്റെ അധീനതയിലുള്ള ഇടങ്ങൾക്കകത്താണ് നമ്മളെല്ലാവരും ഇടപെടുന്നത്. അതുകൊണ്ടു തന്നെ രാഷ്ട്രത്തിന്റെ നിലനിൽപ്പിനെ ചോദ്യം ചെയ്യുന്ന എല്ലാവിധ ആലോചനകളെയും അവർക്ക് ദേശവിരുദ്ധമായി കണക്കിലാക്കാൻ കഴിയും. വിമത ശബ്ദങ്ങളെ അടിച്ചമർത്താനുള്ള ഭരണഘടനാപരമായ കരുത്തുമുണ്ട്. അതിനാൽത്തന്നെ നിലവിലെ വ്യവസ്ഥയെ മറികടക്കുന്നതിനുള്ള ആലോചനകൾ എത്രത്തോളം പ്രായോഗികമാണ്? ഈ പ്രതിസന്ധിയെ മറികടക്കാൻ വ്യവസ്ഥയ്ക്കുള്ളിലും ഇടപെടലുകൾ വേണ്ടിവരില്ലേ? നിലവിലുള്ള ജനാധിപത്യ ഇടത്തെ കൂടുതൽ വികസിതമാക്കേണ്ടതില്ലേ?**

തീർച്ചയായും. സമൂർത്തമായ ഇടപെടലുകൾ എല്ലാത്തരം സാധ്യതകളെയും ഉൾക്കൊള്ളേണ്ടതുണ്ട്.

ഇതുവരെ പറഞ്ഞതിനർത്ഥം ഏറ്റവും പ്രാദേശികമായ ഇടപെടലിൽ പോലും മനുഷ്യരാശിയെ ഒന്നായിക്കാണുന്ന സമീപനം വേണമെന്നാണ്. അതുപോലെ, സ്വാതന്ത്ര്യവും ജനാധിപത്യവുമൊന്നും ഭരണകൂടത്തിന്റെ സൗജന്യങ്ങളല്ലെന്നും. ഭരണസംവിധാനം അതിന്റെ മൂല്യം ആർജ്ജിക്കുന്നത് മനുഷ്യരിൽ നിന്നാണ്; നേരെ തിരിച്ചല്ല. ഈ നീതിബോധമുള്ള ജനതയുടെ ഇടയിൽ ഭരണകൂടത്തിന്റെ അർത്ഥം വ്യക്തികൾക്കിടയിലെ വ്യവഹാരങ്ങളെ സുഗമമാക്കുന്ന സംഘടനാസംവിധാനം എന്നുമാത്രമായിരിക്കും.

നമ്മുടെ വനങ്ങൾ പൊതുസമൂഹത്തിന്റേതാകേണ്ടതുണ്ട്. ഭൂപരിഷ്കരണം ഉണ്ടാകേണ്ടതുണ്ട്. തത്വാധിഷ്ഠിത നിയമലംഘനത്തിന്റെ (disobedience) ഗംഭീരമായ സാധ്യതകളെ നാം വിപുലപ്പെടുത്തണം. കുടുംബം, മതം തുടങ്ങിയ എല്ലാ ഇടങ്ങളിലും അതിന്റെ സാധ്യതകൾ ആരായണം. വ്യവസ്ഥാപിത തൊഴിലുകൾ ക്രമേണയെങ്കിലും ഉപേക്ഷിക്കണം. പൊതുനന്മയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളെ, അതുചെയ്യുന്നവരെ നിലനിർത്തുന്ന സൂക്ഷ്മരസതന്ത്രം മനുഷ്യസമൂഹത്തിൽ എക്കാലവും നിലനിൽപ്പുണ്ട്. അതിനെ അധാരമാക്കിവേണം നാം നിലനിൽക്കാൻ. രക്തബന്ധാധിഷ്ഠിതമല്ലാത്ത, സമാനമനസ്കരുടെ കൂട്ടുജീവിതങ്ങളുണ്ടാകണം. ലോകത്തിലെ എല്ലായിടത്തുമുള്ള ജീവി

ത-സമരാനുഭവങ്ങളെ കഴിയുന്നത്ര മനസ്സിലാക്കണം. സർക്കാർ സംവിധാനത്തിന് അകത്ത് നിൽക്കുന്നവർക്ക് തന്നെ അതിന്റെ ഘടനാപരമായ പ്രവണതകളെ തിരിച്ചറിഞ്ഞ് അവയെ നിശ്ചയമായും ചെറുത്ത് നിൽക്കാനാകും. വിവിധ രാഷ്ട്രീയപ്പാർട്ടികളിലുള്ളവർക്ക് ഹരിതരാഷ്ട്രീയം തുറന്നുതരുന്ന സാധ്യതകൾ അനന്തമാണ്. ഇവയെയെല്ലാം ഭാവനയ്ക്കൊത്ത് നമുക്ക് മുന്നോട്ട് കൊണ്ടുപോകാവുന്നതാണ്.

ഇങ്ങനെയൊന്നുമല്ലാതെ, നിലവിലെ വ്യവസ്ഥിതിക്കുള്ളിൽ തന്നെ പൂർണ്ണമായ പരിഹാരമുണ്ടെന്ന് മാത്രം വിശ്വസിച്ച് ഇടപെടുന്നത് ഭരണകൂടത്തിന്റെ ആധികാരികതയെ അംഗീകരിക്കുന്നതിന് തുല്യമാണ്.

**നമ്മൾ ഇതുവരെ വ്യക്തി, മുതലാളിത്തം, രാഷ്ട്രം, ശാസ്ത്രം തുടങ്ങിയ പല വിഷയങ്ങളും സംസാരിച്ചു. വ്യക്തികളെ കാര്യമായി സ്വാധീനിക്കുന്ന വേറെയും സ്ഥാപനങ്ങളുണ്ട്; കുടുംബം, മതം പോലുള്ളവ...**

ഇവയെ സംബന്ധിച്ചും മുമ്പു പറഞ്ഞ മാനദണ്ഡങ്ങൾ പ്രസക്തമാണ്. ഒരുമയെന്ന സത്യത്തിലേക്കു നമ്മെ വളർത്തുന്നതെന്തും നല്ലതാണ്; അതിനു വിരുദ്ധമായത് നല്ലതല്ല. മനുഷ്യൻ പ്രകൃത്യാൽതന്നെ സാമൂഹികജീവിയാണ്. ആ നിലയ്ക്ക് ദൈനംദിന ദാമ്പത്യജീവിതവും കുട്ടികളെ വളർത്തലുമൊക്കെ ഗോത്ര-കൂട്ടുകുടുംബ സമ്പ്രദായങ്ങളുമായി ഇഴുകിച്ചേർന്നു കിടക്കുന്ന കാര്യങ്ങളാണ്. അഥവാ, സംഘജീവിതമാണ് അവയുടെ സ്വാഭാവിക പശ്ചാത്തലം. സമാനമായി, ദാമ്പത്യജീവിതത്തിൽ തന്നെയും പങ്കാളിയേയും ഒരുമിച്ചറിയേണ്ടതുണ്ട്.

ഒരു മനുഷ്യന് മറ്റെല്ലായിടങ്ങളിലും തനിതൻകാര്യം നോക്കിയും മത്സരബുദ്ധിയും ആയിരുന്ന ശേഷം ആ വ്യവസ്ഥയ്ക്ക് അകത്തുള്ള കുടുബത്തിൽ മാത്രം സ്നേഹവാനായിരിക്കാൻ കഴിയില്ല; ഏതെങ്കിലും ഒന്നേ നടക്കൂ. സ്വകാര്യവ്യക്തിക്ക് സ്നേഹം സാധ്യമല്ല; വ്യഭിചാരമേ പറ്റൂ. ഗോത്ര-കൂട്ടുകുടുംബ വ്യവസ്ഥയിൽനിന്നും ഏകരക്ഷാകർത്താക്കളും (single parents) വ്യക്തികളും മാത്രമുള്ള അവസ്ഥയിലേക്കുള്ള പരിണാമത്തിനിടയിലെ ഒരു ഘട്ടം മാത്രമാണ് ഇന്നത്തെ അണുകുടുംബം. അതുകൊണ്ടാണ് കേരളത്തിൽ ഒരു ദിവസം നൂറിൽപ്പരം വിവാഹമോചനങ്ങൾ നടക്കുന്നത്.

കുടുബത്തിനകത്തെ ഏർപ്പാടുകളെല്ലാം സ്നേഹമയമാണെന്നാണ് വെപ്പ്. പക്ഷെ, ജാതി-മതം-പണം ഇവയൊക്കെ തൂക്കിനോക്കിയാണ് ഓരോ പുതിയ കുടുംബവും ഉണ്ടാകുന്നത്. ഇവയും സ്നേഹവുമായിട്ടെന്താണ് ബന്ധം? ഇത്രയും ഒത്തുതീർപ്പുകളുടേതായ ഒരു ഇടത്തിലാണ് മനുഷ്യക്കുട്ടികൾ വളരുന്നത്. കുട്ടികളെ കമ്പോളത്തിൽ അങ്കംവെട്ടാനുള്ള അടിമകളായി വളർത്തുന്നതിൽ എന്തു സ്നേഹമാണുള്ളത്? സ്വാർത്ഥതയെ സ്നേഹമായി തെറ്റിദ്ധരിപ്പിക്കുന്നതാണ് അണുകുടുംബങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹം. കേരളത്തിലെ രക്ഷാകർത്താക്കൾക്ക് തങ്ങളുടെ കുട്ടികൾക്കു വിഷമില്ലാത്ത ഭക്ഷണം കൊടുക്കാനുള്ള ഔൽസുക്യമെങ്കിലും ഉണ്ടായിരുന്നെങ്കിൽ അതുത്തന്നെ കാര്യമായ രാഷ്ട്രീയാവബോധം നമുക്കിടയിൽ ഉണ്ടാക്കിയേനെ. സർഗാത്മകതയുള്ള മനുഷ്യരുടെ ഊർജ്ജം മുഴുവൻ ഊറ്റിക്കുടിക്കുകയും ചെറുപ്പക്കാരെ സാങ്കൽപ്പിക പ്രാരാബ്ധങ്ങളിൽ തളച്ചിടുകയും ചെയ്യുന്ന പ്രസ്ഥാനമാണ് ഇന്നത്.

**കുടുംബം തകരണമെന്നാണോ? മാതൃത്വം പോലെ മഹത്തായ ചില മൂല്യങ്ങളെ അത് പ്രസരിപ്പിക്കുന്നില്ലേ?**

കുടുംബമോ രാഷ്ട്രമോ ഒന്നും തകരണമെന്നല്ല; നമ്മെ കൂടുതൽ മനുഷ്യത്വമുള്ളവരായിരിക്കാൻ ഇതൊക്കെ സഹായിക്കുന്നുണ്ടോ ഇല്ലയോ എന്നതാണു പ്രശ്നം. Inclusively transcend എന്ന് നടരാജഗുരു പറയുമായിരുന്നു. ഒന്നിനെയും നശിപ്പിക്കലല്ല, പൂർത്തിയാക്കലാണ് നമ്മുടെ ലക്ഷ്യം.

**കുടുംബത്തിന് സമാനമായ രീതിയിൽ തന്നെയല്ലേ മതവും ചലിക്കുന്നത്? പരസ്പര സഹായത്താൽ നിലനിൽക്കുന്ന അടഞ്ഞ വ്യവസ്ഥിതികളല്ലേ രണ്ടും?**

അതെ, പക്ഷെ കുടുംബങ്ങളിൽ നിന്നും വ്യത്യസ്തമായി മതങ്ങൾക്ക് മുതലാളിത്തം നല്ല കാലമാണ്. മതം, നമ്മെ വിഭജിച്ചു ഭരിക്കാനു

കുടുബത്തിനകത്തെ ഏർപ്പാടുകളെല്ലാം സ്നേഹമയമാണെന്നാണ് വെപ്പ്. പക്ഷെ, ജാതി–മതം–പണം ഇവയൊക്കെ തൂക്കിനോക്കിയാണ് ഓരോ പുതിയ കുടുംബവും ഉണ്ടാകുന്നത്. ഇവയും സ്നേഹവുമായിട്ടെന്താണ് ബന്ധം? ഇത്രയും ഒത്തുതീർപ്പുകളുടേതായ ഒരു ഇടത്തിലാണ് മനുഷ്യക്കുട്ടികൾ വളരുന്നത്. കുട്ടികളെ കമ്പോളത്തിൽ അങ്കംവെട്ടാനുള്ള അടിമകളായി വളർത്തുന്നതിൽ എന്തു സ്നേഹമാണുള്ളത്?

ള്ള കമ്പോളത്തിന്റെ ഉപാധിയായിരിക്കുന്നതു കൊണ്ടാണത്. മതങ്ങളുടെ ഇത്തരം ചേരിതിരിവുകളെല്ലാം വാസ്തവത്തിൽ പഴയൊരു കാലത്തിന്റേതാണ്; ജനതകൾ കടലിനാലും മരുഭൂമികളാലുമൊക്കെ ഒറ്റപ്പെട്ട് കഴിഞ്ഞിരുന്ന, 'പുറത്തുള്ള'തിനോടെല്ലാം പുറംതിരിഞ്ഞു നിൽക്കുന്ന ഗോത്ര സ്വഭാവത്തിന്റെ ബാക്കിപത്രമാണവ. നേരെ മറിച്ച്, ആധുനിക ആഗോളവല്ക്കരണ കാലത്ത് ലോകത്തുള്ള എല്ലാ ആദ്ധ്യാത്മിക-മതസമ്പ്രദായങ്ങളെയും പരിചയപ്പെടുവാനും ആഴത്തിൽ പഠിക്കുവാനുമുള്ള അവസരം നമുക്കുണ്ട്. ഈ മാറിയ പശ്ചാത്തലത്തിൽ നമുക്കു മനസ്സിലാകുന്നത്, ദേശകാല ഭേദങ്ങളാൽ ഉണ്ടായിട്ടുള്ള ഉപരിപ്ലവമായ മാറ്റങ്ങൾ ഒഴിച്ചാൽ മതങ്ങളെല്ലാം തത്വദൃഷ്ട്യാ ഒരേ ആശയങ്ങളെ പ്രകാശിപ്പിക്കുന്നുവെന്നാണ്. തങ്ങളുടെ മതത്തെത്തന്നെ സൂക്ഷ്മമായി സമീപിച്ചിട്ടുള്ളവർക്കെല്ലാം എക്കാലത്തും വ്യക്തമായിരുന്ന വസ്തുത തന്നെയാണിത്.

ഈ സാമാന്യബുദ്ധിയെ നിഷേധിച്ചുക്കൊണ്ട് കാലഹരണപ്പെട്ട മതസ്വത്വങ്ങളിൽ ഊന്നുന്നത് പൗരോഹിത്യ-സ്ഥാപിത താല്പ്പര്യങ്ങളുള്ളവരാണ്. തങ്ങൾ വിശ്വസിക്കുന്നതായി പറയുന്ന മതത്തെപ്പോലും ഗൗരവമായി സമീപിക്കാത്ത മന്ദബുദ്ധികളും വികാരജീവികളുമാണ് ഇത്തരക്കാരുടെ അനുയായികൾ. വിശ്വാസികളുടെ സഞ്ചിതമായ മണ്ടത്തരമാണ് മതങ്ങളുടെ മൂലധനം. ഗുരുക്കന്മാരും അവരുടെ വചനങ്ങളും മുഴുവൻ മനുഷ്യരാശിയുടെതുമാണ്; അവരെ ഈ വിധം സ്വകാര്യസ്വത്താക്കുവാൻ അനുവദിച്ചുകൂടാത്തതാണ്.

ഓരോ മതത്തിനും ജ്ഞാന സമീപനത്തിന്റെ സവിശേഷമായ ഒരു ചട്ടക്കൂടു കാണും. ആ ചട്ടക്കൂടിനെ മനസ്സിലാക്കി വേണം അതിനെ പഠിക്കാൻ. അപ്പോഴാണ് മതങ്ങളുടെ താത്വീക സമാനത വെളിപ്പെടുക. എല്ലാ മതങ്ങൾക്കും ദേശകാല ബന്ധിതമായ പരിമിതികളുണ്ട്. ഒരു പ്രത്യേക മതമാണ് പരമസത്യം എന്നു വിശ്വസിക്കുന്നവരിൽ ആ മതത്തിന്റെ എല്ലാ ഏകപക്ഷീയതകളും വന്നടിയും. അവയിൽ നിന്നുള്ള രക്ഷയും സമഗ്രതയുമാണ് സമബുദ്ധിയോടെയും ഭക്തിയോടെയും വിവിധ മതങ്ങളെ പഠിക്കുന്നതിന്റെ മെച്ചം.

ഇങ്ങനെയൊന്നുമല്ലാതെ, പരദ്രോഹം, സ്ത്രീകളോടുള്ള സമീപനം, പ്രകൃതിയോടുള്ള സമീപനം, കള്ളപ്പണം, ചൂതുകളി, യുദ്ധം തുടങ്ങിയ 'സൽഗുണങ്ങൾ' വെച്ചു പരിഗണിച്ചാലും നമ്മൾ ഒരു മതക്കാരാണെന്നു കാണാൻ ബുദ്ധിമുട്ടില്ലല്ലോ. സാമാന്യ ബുദ്ധിയുള്ള ആർക്കും മനസ്സിലാകുന്ന കാര്യമാണിത്.

## അനുസരിക്കാതിരിക്കാനുള്ള അവകാശം

വ്യക്തിയുടെ മൗലീകാവകാശത്തെ ലംഘിക്കുന്നതോ, ഭരണഘടനാ വിരുദ്ധമോ ആയ നിയമങ്ങളെ അനുസരിക്കാതിരിക്കുവാനുള്ള ഒരാളുടെ അവകാശമാണിത്. നിലവിൽ ഒരു ഭരണഘടന ഉൾക്കൊണ്ടിട്ടില്ലാത്ത പുരോഗമനപരമായ ആശയങ്ങളേയും നിയമങ്ങളേയും ക്രമേണയെങ്കിലും ആ ഭരണഘടനയുടെ ഭാഗമാക്കാനുള്ള പൗരന്റെ ഉപാധിയായി വിവിധ രാജ്യങ്ങളിലെ നിയമവ്യവസ്ഥകൾ ഈ അവകാശത്തെ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ഒരു പ്രത്യേക സന്ദർഭത്തിൽ ഈ അവകാശത്തെ പ്രയോജനപ്പെടുത്തുന്ന വ്യക്തിക്ക് പിന്നീട് കോടതി മുമ്പാകെ ആ സന്ദർഭത്തിലെ തന്റെ ഉദ്ദേശശുദ്ധിയും നിലപാടും ബോധ്യപ്പെടുത്തുവാൻ ബാധ്യതയുണ്ട്. കോടതിക്കത് ബോധ്യമാകുന്നില്ലെങ്കിൽ വ്യക്തി ശിക്ഷ അനുഭവിക്കേണ്ടിവരും. ഇന്ത്യയിൽ 1974ലെ നവാബ് ഖാൻ ഗുജറാത്ത് സർക്കാർ കേസിൽ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരാണ് ആദ്യമായി ഈ വിഷയത്തിൽ നിരീക്ഷണങ്ങൾ നടത്തിയത്. കേരളത്തിൽ 2007ലെ ഹാരിസൺ പ്ലാന്റേഷൻ കേരള സർക്കാർ കേസിൽ ജസ്റ്റിസ് കെ. ബാലകൃഷ്ണനും അനുസരിക്കാനുള്ള അവകാശത്തെ വിശദമായി പരാമർശിക്കുന്നുണ്ട്.

വർഗ്ഗീയ സംഘർഷങ്ങൾ കൂടുന്നതിനും ചില വിഭാഗങ്ങൾ വേട്ടയാടപ്പെടുന്നതിനുമുള്ള കാരണവും മുമ്പ് സൂചിപ്പിച്ച 'പുറത്തുള്ള'തിനോട് പുറംതിരിഞ്ഞു നിൽക്കുന്ന മത സമീപനത്തിൽ നിന്നാണ് രൂപപ്പെടുന്നത്. ആധിപത്യം സ്ഥാപിക്കുന്ന മതവും ഇരകളാക്കപ്പെടുന്ന മതവും മനുഷ്യൻ എന്ന യാഥാർത്ഥ്യത്തെ അഭിസംബോധന ചെയ്യാതെ ഒരേപോലെ സ്വത്വബോധങ്ങളിലേക്ക് ചുരുങ്ങുകയാണ്. സ്ഥിരമായി ഇരകളാക്കപ്പെടുന്നവർ തങ്ങളുടെ ഗ്രൂപ്പിന്റെ സുരക്ഷിതത്വത്തിലേക്ക് ഉൾവലിയുന്നത് സ്വാഭാവികമാകാം. എന്നാൽ അവരവരുടെ സ്വത്വങ്ങളിലേക്ക് ചുരുങ്ങുന്നതിന്റെ ഏകപക്ഷീയതകളെ കാണാനുള്ള വിവേകം നാം ആർജ്ജിച്ചേ മതിയാകൂ.

**മാവോവാദി എന്ന സംശയത്താലാണല്ലോ ശ്യാം പോലീസ് പിടിയിലാകുന്നത്. ശരിക്കും മാവോയിസത്തോട് എന്തെങ്കിലും തരത്തിലുള്ള അനുഭാവം ഉള്ളിൽ സൂക്ഷിക്കുന്നുണ്ടോ? ഇന്ത്യയിലെ മാവോയിസ്റ്റു മൂവ്മെന്റിനെ എങ്ങനെയാണ് കാണുന്നത്?**
സർക്കാരിനെതിരെ ഇന്ത്യയിലെ വലിയൊരു

ഭാഗത്ത് യുദ്ധം ചെയ്യുന്ന ആദിവാസികളും മറ്റു പ്രദേശവാസികളും അതിനു തുനിഞ്ഞിരിക്കുന്നത് മാവോയിസം പഠിച്ചു ബോധ്യപ്പെട്ട ശേഷമാണെന്നു ഞാൻ കരുതുന്നില്ല. നൂറ്റാണ്ടുകൾ നീണ്ട ചൂഷണത്തോടുള്ള സഹജവും അതിഗംഭീരവുമായ പ്രതികരണമാണത്. അതിനെ മാവോയിസം എന്നു വിളിക്കുന്നത്, ആ മൂവ്മെന്റിന്റെ ചരിത്രപരവും സാംസ്കാരികവുമായ തനിമയേയും ആഴത്തേയും സൗന്ദര്യത്തേയും സാധ്യതകളേയും വളരെ ചുരുക്കിക്കളയുന്ന ഒരേർപ്പാടാണ്.

അതുപോലെ, ഒരു പ്രദേശത്തെ ആയുധമെടുത്തുള്ള ചെറുത്തുനിൽപ്പിനെ അവിടത്തെ സവിശേഷ സാഹചര്യങ്ങളോടുള്ള അടിയന്തരവും പരിമിതവുമായ പ്രതികരണമായേ മനസ്സിലാക്കാനാകൂ. ദീർഘകാലാടിസ്ഥാനത്തിൽ അത്തരം സാഹചര്യങ്ങളെ മാറ്റിതീർക്കേണ്ടത്, സർഗാത്മകവും ജനാധിപത്യപരവുമായ ദാർശനിക-രാഷ്ട്രീയ ഇടപെടലുകളിലൂടെയാണ്. ഇങ്ങനെ നോക്കിയാൽ, നിലവിലെ ഈ പോരാട്ടം അതിന്റെ സവിശേഷമായ പ്രാദേശിക അനുഭവങ്ങളിൽ ഒതുങ്ങി നിൽക്കുന്നതായാണ് തോന്നുന്നത്. ഇന്ത്യയിലെ നഗരങ്ങൾ ഉൾപ്പടെയുള്ള ഇതരഭാഗങ്ങളിലെ വിവിധ രാഷ്ട്രീയസാമൂഹിക പശ്ചാത്തലമുള്ള ജനതകളുടെ ഭാവനയെ പ്രചോദിപ്പിക്കുന്ന സംവാദങ്ങളൊന്നും മാവോയിസ്റ്റു നേതൃത്വം ഉയർത്തിക്കൊണ്ടു വരുന്നതായി കാണാനാകുന്നില്ല. ഈ അർത്ഥത്തിൽ അതു വളരെ അരാഷ്ട്രീയമാണ്.

**മാവോയിസ്റ്റുകളും സർക്കാറും തമ്മിലുള്ള സന്ധി സംഭാഷണങ്ങളിൽ മധ്യസ്ഥനായി ഇടപെടാറുള്ള ഹൈദരാബാദ് യൂണിവേഴ്സിറ്റി പ്രൊഫസർ ജി. ഹരഗോപാൽ പറയുന്ന കാര്യമുണ്ട്. ജില്ലാ കളക്ടറെ തട്ടിക്കൊണ്ടുപോയ ഒരു സംഭവത്തെത്തുടർന്ന് സന്ധി സംഭാഷണത്തിന് പോയപ്പോൾ മാവോയിസ്റ്റുകൾ ഉന്നയിച്ച ഏട്ട് ആവശ്യങ്ങളിൽ ഏഴും അതേ മേഖലയിൽ വളരെ ജനാധിപത്യപരമായി പ്രവർത്തിക്കുന്ന സംഘടനകൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ തന്നെയായിരുന്നു. എട്ടാമത്തെ ആവശ്യം ജയിലിൽ കഴിയുന്ന അവരുടെ പ്രവർത്തകരെ വിട്ടയക്കണമെന്നായിരുന്നു. സമാനമായ ആവശ്യങ്ങൾക്ക് വേണ്ടിയാണെങ്കിൽ പിന്നെന്തിനാണ് ഇത്രത്തോളം ഹിംസാത്മകമാകുന്നത് എന്നാണ് അദ്ദേഹം ചോദിക്കുന്നത്. ശ്യാമിന് അങ്ങനെ തോന്നിയിട്ടുണ്ടോ?**

പൊതുവിൽ മാവോയിസ്റ്റുകൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ നമ്മൾ എല്ലാവരെ സംബന്ധിച്ചും പ്രസക്തമാണ്. വനങ്ങൾ ആദിവാസികളുടേതും പ്രാദേശിക സമൂഹത്തിന്റേതുമായി നിലനില്ക്കണം. കൃത്യമായ ഭൂപരിഷ്ക്കരണം നടക്കണം. ഒരുപാട് പൊതുസ്ഥലങ്ങൾ ഉണ്ടാകണം. നാണ്യവിളകൃഷി പരിമിതപ്പെടുത്തുകയും രാസവളകൃഷി പൂർണ്ണമായും ഒഴിവാക്കുകയും വേണം. ചുരുക്കത്തിൽ, അന്നം മുതൽ അറിവുവരെയുള്ള മൂല്യങ്ങളെയെല്ലാം ശാസ്ത്രീയമായി നാം കോർത്തിണക്കണം; അനന്തമായ വൈവിധ്യങ്ങളിലൂടെ അതിനെ ആവിഷ്കരിക്കുകയും വേണം. പ്രകൃതി അതാണു ചെയ്യുന്നത്. ■

## ഫേസ്ബുക്ക് ചർച്ചയുടെ പേരിലും അറസ്റ്റ്

ഫേസ്ബുക്ക് ചർച്ചയിൽ കൊടുങ്ങല്ലൂരിലെ മനോരമ ലേഖകനെ വിമർശിച്ചതിന്റെ പേരിൽ മനുഷ്യാവകാശ പ്രവർത്തകനായ അഡ്വ. അനൂപിനെ കൊടുങ്ങല്ലൂർ പോലീസ് അറസ്റ്റ് ചെയ്ത് കേസെടുത്തതിനെതിരെ പ്രതിഷേധം വ്യാപകമാകുന്നു. മനോരമ ലേഖകൻ കരസ്തമാക്കിയ ഒരു പ്രാദേശിക അവാർഡിനെ കേസരി ബാലകൃഷ്ണപിള്ളയുടെ ഒരു പ്രയോഗം കടമെടുത്തുകൊണ്ട് ജനാധിപത്യ രീതിയിൽ ഫേസ്ബുക്കിലൂടെ വിമർശിച്ചതിനാണ് കേസെടുത്തിരിക്കുന്നത്. നവമാധ്യമങ്ങളുടെ വികാസം ഏറ്റവും കൂടുതൽ തിരിച്ചടി നൽകിയത് മാധ്യമങ്ങൾക്കാണ്. പ്രതിഷേധിക്കാനും പ്രതികരിക്കാനുമുള്ള ഇടങ്ങൾ നഷ്ടമാകുന്ന നിശബ്ദ അടിയന്തിരാവസ്ഥയുടെ കാലത്ത് നവമാധ്യമങ്ങൾ ജനശബ്ദമായി മാറിയിരിക്കുകയാണ്. വാർത്ത മുക്കുക എന്ന മാധ്യമ മുതലാളിയുടെ എക്കാലെത്തെയും അവകാശത്തെ ജനങ്ങൾ ചോദ്യം ചെയ്തു തുടങ്ങിയിരിക്കുന്നു. ആ സാധ്യതയേയും തകർക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് അനൂപിനെതിരെ ഫേസ്ബുക്ക് ചർച്ചയുടെ പേരിൽ കേസെടുത്തിരിക്കുന്നത്. അനൂപുൾപ്പെടെയുള്ള നിരവധി പേർ പ്രവർത്തിക്കുന്ന മനുഷ്യാവകാശ കൂട്ടായ്മ എന്ന സംഘടനയെ ലക്ഷ്യം വച്ചുള്ളതായിരുന്നു അനൂപിനെതിരായ കേസും അറസ്റ്റും. കേവലം ഫേസ്ബുക്ക് ഇടപെടലിന്റെ പേരിൽ അറസ്റ്റ് ചെയ്ത് തുറങ്കിലടക്കാനായിരുന്നു പോലീസ് നീക്കം നടത്തിയത്. എന്നാൽ ശക്തമായ പ്രതിഷേധമുയർന്നതോടെ ഒരു ദിവസം മുഴുവനും പോലീസ് സ്റ്റേഷനിലിരുത്തി അനൂപിനെ ജാമ്യത്തിൽ വിട്ടു.